# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണാർക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം:KSA.PKD-22/ 273/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 12/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മണ്ണാർക്കാട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.മെയിൽ മുഖേന)
3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം (ഉപരിപത്രം സഹിതം)
4.ഓഫീസ് പകർപ്പ്

നമ്പർ: നം:KSA.PKD-22/ 273/23 തീയ്യതി: 12/04/2023

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2022 മുതൽ 17-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി. അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-01-2023 | 30-01-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-01-2023 | 30-01-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ബിജു ആന്റണി.യു, ഓഡിറ്റ് ഓഫീസർ,

ശ്രീമതി. എ.സുജാത, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീമതി.എം.എസ്.താരിഖ്, സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീമതി.വി.ആർ. ഷീജ, സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീമതി. കെ.ബേബി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുഹമ്മദ് ബഷീർ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീരാഗ്.എം.എസ്. | സെക്രട്ടറി | 01-04-2021 | 04-10-2021 |
| ശ്രീമതി. ജസ്ലിൻ ലില്ലി സാറ ജേക്കബ്ബ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-10-2021 | 08-11-2021 |
| ശ്രീ. നിസാമുദ്ദീൻ. എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-11-2021 | 26-12-2021 |
| ശ്രീ. വിനയൻ. എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-12-2021 | 27-02-2022 |
| ശ്രീ. നിസാമുദ്ദീൻ. എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-02-2022 | 10-03-2022 |
| ശ്രീ. വിനയൻ. എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഇന്ദു.പി.എം. | മുനിസിപ്പൽ എഞ്ചിനീയർ (ഇൻ ചാർജ്) | 01-04-2021 | 01-08-2021 |
| ശ്രീമതി. ജസ്ലിൻ ലില്ലി സാറ ജേക്കബ്ബ് | മുനിസിപ്പൽ എഞ്ചിനീയർ | 02-08-2021 | 15-11-2021 |
| ശ്രീ. മുഹമ്മദ് അൻസാർ | മുനിസിപ്പൽ എഞ്ചിനീയർ (ഇൻ ചാർജ്) | 16-11-2021 | 31-03-2022 |
| ശ്രീ.അബൂബക്കർ.എം. | പ്രോജക്റ്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.കണ്ണമ്മ .യൂ.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 24-11-2021 |
| ശ്രീമതി.ശ്രീലത.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ശ്രീമതി.രേവതി.കെ. | സീനി. വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.പമേലി.എൻ.എൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ. പി.എം.ദിനേശൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ.കെ.കെ.വിനോദ് കുമാർ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗിരിജ.പി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.എസ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.നജ്മം.ജെ | ഹെൽത്ത് ഓഫീസർ | 01-04-2021 | 31-03-2022 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2-0 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5-0 |
| 7 | നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ | 1-5-1 |
| 8 | ക്യാഷ് പരിശോധന | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-11-0 |
| 14 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ( Un Authorized) വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-11-1 |
| 15 | ന്യൂ ബിൽഡിംഗ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-11-2 |
| 16 | വസ്തു നികുതിയുടെ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. | 1-11-3 |
| 17 | വസ്തു നികുതി കുടിശ്ശിക | 1-11-4 |
| 18 | വസ്തു നികുതി പരിഷ്കരണം പൂർത്തികരണം നാളിതു വരെയായിട്ടും നടപ്പിലായിട്ടില്ല. | 1-11-5 |
| 19 | മൊബൈൽ ടെലഫോൺ ടവറിന് നികുതി ഈടാക്കിയിട്ടില്ല | 1-12-0 |
| 20 | സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി നിർണ്ണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ | 1-12-1 |
| 21 | ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13-0 |
| 22 | വാർഡ് അടിസ്ഥാനത്തിലുള്ള ലൈസൻസ് ഡി.സി.ബി രജിസ്റ്ററുകൾ അപൂർണ്ണമാണ് | 1-13-1 |
| 23 | ലൈൻസസ് അപേക്ഷയിലെ ന്യൂനതകൾ | 1-13-2 |
| 24 | സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക അടാവാക്കിയിട്ടില്ല | 1-14-0 |
| 25 | തൊഴിൽ നികുതി ചുമത്തിയിട്ടില്ല | 1-14-1 |
| 26 | തൊഴിൽ നികുതി ഇനത്തിൽ ഡിമാൻഡ് ചെയ്യാത്തു മൂലം നികുതിനഷ്ടം | 1-15 |
| 27 | നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ | 1-16 |
| 28 | അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കാതെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലേലം നടത്തി | 1-17 |
| 29 | വിവിധ സ്ഥലങ്ങളിൽ സിസി ടിവി ക്യാമറ സ്ഥാപിക്കൽ– ക്യമാറ സ്ഥാപിച്ചെങ്കിലും തുടർ നിരീക്ഷണങ്ങൾ നടത്തിയില്ല. | 1-18 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 31 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കിയതിനൊപ്പം പിഴ ഒടുക്കി | 1-20 |
| 32 | കെൽ എന്ന സ്ഥാപനത്തിൽ നിന്നും മാർഗ്ഗനിർദ്ദേശം പാലിക്കാതെ മിനി മാസ്റ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കി | 1-21 |
| 33 | വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ–സിൽക്ക് എന്ന സ്ഥാപനം മുഖേന നേരിട്ട് നടപ്പിലാക്കി | 1-22 |
| 34 | മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്യാതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-23 |
| 35 | അങ്കണവാടി പോഷകാഹാരവിതരണം- ന്യൂട്രിമിക്സ് ബില്ലിൽ നിന്നും ജി എസ് ടി – | 1-24 |

| | | |
|---|---|---|
| | ടി.ഡി.എസ് നടത്തിയില്ല | |
| 36 | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പ്രഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർഥിനികൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-25 |
| 37 | വാട്ടർ അതോറിറ്റി മുഖേനയുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക-അപാകതകൾ | 1-26 |
| 38 | മുൻകൂറായി നൽകുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല | 1-27 |
| 39 | വാഹനത്തിന്റെ ഉപയോഗം- രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല | 1-28 |
| 40 | തെരുവ് വിളക്ക് പരിപാലനം സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-29 |
| 41 | താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മാണം - കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 1-30 |
| 42 | ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 1-31-0 |
| 43 | പി എം എ വൈ- വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-31-1 |
| 44 | പി.എം.എ.വൈ ഭവന നിർമാണ പദ്ധതി. -കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് എന്നിവ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല | 1-31-2 |
| 45 | താലൂക്ക് ആശുപത്രിയിൽ സ്റ്റാഫിന് ചെയ്ഞ്ചിംഗ് റൂം നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-32-0 |
| 46 | ഇ-ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-33 |
| 47 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് - തുടർ മോണിറ്ററിംഗ് നടത്തേണ്ടതാണ് | 1-34 |
| 48 | മാലിന്യ മുക്ത കേരളം | 1-35 |
| 49 | NULM പദ്ധതി - ലോൺ ലഭിച്ച കുടുംബശ്രീ യൂണിറ്റുകൾ സ്വയം തൊഴിൽ സംരംഭം തുടങ്ങിയിട്ടില്ല | 1-36 |
| 50 | മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. | 1-37 |
| 51 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. | 1-38 |
| 52 | മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ വേരിയേഷൻ പരിഗണിക്കാതെ ബിൽതുക നൽകിയിരിക്കുന്നു. | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ വേരിയേഷൻ പരിഗണിക്കാതെ ബിൽതുക നൽകിയിരിക്കുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർച്ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം. |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17-3-2021 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം തൻവർഷത്തെ ബജറ്റ് അംഗീകരിച്ചു. 29-3-2022 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 43433910 |
| വരവ് | 547353600 |
| ആകെ | 590787510 |
| ചെലവ് | 543199400 |
| നീക്കിബാക്കി | 47588110 |

തൻവർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 28160855 |
| വരവ് | 150892044 |
| ആകെ | 179052899 |
| ചെലവ് | 144464750 |
| നീക്കിയിരിപ്പ് | 34588149 |

യഥാർത്ഥ വരവും ചെലവും ബഡ്ജറ്റിലെ വരവും ചെലവും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു. 31-12-2020തീയ്യതിയിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ട നിർദേശങ്ങളും വിഷയങ്ങളും സംബന്ധിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ടെങ്കിലും സീനിയർ വെറ്റിനറി സർജനും താലൂക്ക് ആസ്പത്രിയിലെ മെഡിക്കൽ ഓഫീസറും മാത്രമാണ് നിർദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്.

യാഥാർത്ഥ്യ ബോധത്തോടെ ബഡ്ജറ്റ് നിർമിക്കുന്നതിനും എല്ലാ ഘടകസ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ചെലവുകൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-2-0 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 31-7-22 | 1-8-22 | 6-1-2023 |

വാർഷികകണക്ക് സമയബന്ധിതമായി സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5-Secured Loans-ൽ 73258833 രൂപ Liabilityഉണ്ട്. R&P സ്റ്റേറ്റ്മെന്റിലെ 331800100 Unsecured Loans എന്ന ഹെഡിൽ ജീവനക്കാർക്കുള്ള പി.എഫ് തുകയാണ് വരവ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. B-6- Unsecured Loans-ൽ 7220761/-രൂപ Liability രേഖപ്പെടുത്തിയിരിക്കുന്നു. ലോൺ വരവ് , വിനിയോഗം, തിരിച്ചടവ് , അടവാക്കാൻ ബാക്കിയുള്ള

തുക എന്നിവ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. വാർഷിക കണക്കിൽ AUEGS, NULM, PMAY എന്നിവയ്ക്കായി പ്രത്യേക ഹെഡുകൾ ഇല്ല. ഇവയെല്ലാം Poverty Alleviation Programme എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തി അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ടി പദ്ധതികളുടെ കൃത്യമായ വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ നിന്നും ലഭ്യമല്ല.

3. ഡെപ്പോസിറ്റായി സ്വീകരിക്കുന്ന തുകകൾ രേഖപ്പെടുത്തുന്നതിന് നഗരസഭയിൽ പൊതുവായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലത്തതിനാൽ 2021-22ൽ തിരികെ നൽകാൻ ബാക്കിനിൽക്കുന്ന തുകകളുടെ സംക്ഷിപ്തവിവരം ലഭ്യമല്ല.

4. അഡ്വാൻസ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. മറ്റ് ഏജൻസികൾക്ക് മുൻകൂറായി നൽകുന്ന തുകകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5.മറ്റ് ഏജൻസികൾ മുഖേന ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നൽകുന്ന ചെലവ് Advace To Implementing Agencies എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല

6.ജി.എസ്.ടി,എസ്.ജി.എസ്.ടി.തുകകൾ അടവാക്കിയിട്ടില്ല.

തൻ വർഷത്തെ ബാലൻസ് ഷീറ്റിലെ B 9 ഷെഡ്യൂളിലെ ജി.എസ്.ടി, എസ്.ജി.എസ്.ടി തുകകൾ സർക്കാരിലേയക്ക് അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 350300700 | ജി.എസ്.ടി-സി.ജി.എസ്.ടി | 51,780 |
| 2 | 350300710 | ടി.ഡി.എസ്.-സി.ജി.എസ്.ടി | 12,399 |
| 3 | 35300800 | ജി.എസ്.ടി-എസ്.ജി.എസ്.ടി | 51,780 |
| 4 | 350300810 | ടി.ഡി.എസ്.-എസ്.ജി.എസ്.ടി | 12,399 |

7.ട്രഷറി ബാങ്ക് അക്കൗണ്ട് നം.799013000000074 (അക്കൗണ്ട് കോഡ്00074(450250800) ) ചെക്ക് ഇഷ്യൂ ബട്ട് നോട്ട് കളക്റ്റഡ് എന്ന വിഭാഗത്തിലെ രണ്ട് ചെക്കുകൾ നാളിതു വരെയായിട്ടും മാറിയതായികാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് തീയതി | ഇൻസ്ട്രുമെന്റ് വൗച്ചർ | തുക |
|---|---|---|---|---|---|
| 1 | 122010900031 | 20.4.2022 | JM3798884 | 10.2.2022 | 20,000 |
| 2 | 122010900032 | 20.4.2022 | JF4153076 | 21.2.2022 | 16,250 |

8 .കാനറ ബാങ്കിന്റെ അക്കൗണ്ട് നം.087101050580 ലെ റിക്കൺസിലിയേഷനിൽ Cheque Deposited But Not Collected എന്ന വിഭാഗത്തിലെ ഡിസംബർ മാസത്തിൽ ലഭ്യമായ ചെക്ക് നം. 3652127 മാർച്ച് 31 ന് ശേഷവും മാറിയെടുക്കാതെ വ്യത്യാസം രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

| ക്രമ നം | ഇൻസ്ട്രുമെന്റ്നം./ തീയതി | തുക |
|---|---|---|
| 1 | RBI 3652127/31.12.2021 | 38495 |

9.വരവിനങ്ങളുടെ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡിമാന്റ് കളക്ഷൻ ബാലൻസ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

10. തനത് ഫണ്ട് വൗച്ചറുകൾ കൃത്യമായും ക്രമമായും സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28160855 |
| വരവ് | 150892044 |
| ആകെ | 179052899 |
| ചെലവ് | 144464750 |
| നീക്കിയിരിപ്പ് | 34588149 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 26024800 | 26024800 | 18265348 | 7759452.00 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 10928500 | 10928500 | 2947145 | 7981355.00 |
| വികസനഫണ്ട് -ടി.എസ്.പി (***) | 0 | 244292 | 244292 | 0 | 244292 |
| മെയ്ന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 7785519 | 7785519 | 5779636 | 2005883 |
| മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5881270 | 5881270 | 3883419 | 1997851 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New**** | 0 | 13104000 | 13104000 | 9778745 | 3305255 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New**** | 0 | 19656000 | 19656000 | 1986153 | 17669847 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 0 | 2489518.00 | 2489518.00 | 1672221 | 817297 (ലാപ്സ് ആയി) |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-Spillover | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 3513722.00 | 3513722.00 | 1661753 | 1851969 (ലാപ്സ് ആയി) |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 10250400/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 2532400/- മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 161700/- മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

*****പലിശയിനത്തിലുള്ള വരവ് ടൈഡ് ഫണ്ടിൽ 10468/- രൂപയും അൺടൈഡ് ഫണ്ടിൽ 247320/- രൂപയും എ സി ആർ പ്രകാരമുള്ള നീക്കിയിരിപ്പിൽ നിന്നും വ്യത്യാസമുണ്ട്.

സംസ്ഥാനാവിഷ്കൃതം- AUEGS

| | |
|---|---|
| മുന്നിരിപ്പ് | 3790782 |
| AUEGS ഫണ്ട് | 18086597 |
| ആകെ വരവ് | 21877379 |
| ആകെ ചെലവ് | 20889247 |
| നീക്കിയിരിപ്പ് | 988132 |

കേന്ദ്രാവിഷ്കൃതപദ്ധതികൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| NULM | 368102.00 | 6490 | 374592 | 374592 | 0 |
| PMAY | 11596145 | 415851 | 12011996 | 9405213 | 2606783 |
| TSC | 4340349 | 500 | 4340849 | 3466556 | 874293 |

**1-5-0 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 402 | 188666582 | 221 | 80408866 | - | 181 | 55 |

**1-5-1 നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ**

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ | അംഗീകാരം | അടങ്കൽ | നടപ്പിലാക്കി | ചെലവ് | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗസ്ഥൻ | ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | | തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | | ശതമാനം |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 1887000 | 1 | 121020 | 6.41 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 1300000 | 2 | 1300000 | 100 |
| കൃഷി ഓഫീസർ | 9 | 2079848 | 9 | 1117437 | 53.73 |
| സെക്രട്ടറി | 43 | 76156035 | 25 | 25993107 | 34.13 |
| ഹെഡ് മാസ്റ്റർ | 13 | 5359442 | 6 | 2364828 | 44.12 |
| വെറ്ററിനറി സർജ്ജൻ | 9 | 2968800 | 9 | 1345186 | 45.31 |
| പ്രോജക്റ്റ് ഓഫീസർ-ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 8 | 6130102 | 6 | 2402068 | 39.18 |
| ഹെൽത്ത് ഓഫീസർ | 7 | 6942269 | 4 | 1378184 | 19.85 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 7 | 8554608 | 6 | 6823853 | 79.77 |
| മുനിസിപ്പൽ എഞ്ചിനിയർ | 295 | 71045070 | 149 | 32049343 | 45.11 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6243408 | 4 | 5513840 | 88.31 |
| | 402 | 188666582 | 221 | 80408866 | 42.62 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

**1-6 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2023 ഉച്ചതിരിഞ്ഞ് 3.00 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പതിനായിരത്തി ഏഴുന്നൂറ്റി എഴുപതിയഞ്ച് രൂപ(10775രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-7 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2049200 | 149 |
| 2 | വാർദ്ധക്യകാല പെൻഷൻ | 32547500 | 2340 |
| 3 | വികലാംഗ പെൻഷൻ | 4831800 | 315 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1335800 | 87 |
| 5 | വിധവാ പെൻഷൻ | 22197600 | 1463 |

## 1-8 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| | |
|---|---|
| മുന്നിരിപ്പ് | 3790782 |
| AUEGS ഫണ്ട് | 18000000 |
| പലിശ | 86597 |
| ആകെ | 21877379 |
| അഡ്മിസിനിസ്ട്രേറ്റീവ് ചെലവ് | 579360 |
| വേതനം | 20309887 |
| ആകെ ചെലവ് | 20889247 |
| നീക്കിയിരിപ്പ് | 988132 |

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടില്ല. നഗരസഭയുടെ ഫ്രണ്ട് ഓഫീസ് സംവിധാനം കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കേണ്ടതാണ്.

എല്ലാ പേമെന്റുകളും ശരിയായ ഹെഡിലല്ല ചെലവ് രേഖപ്പെടുത്തുന്നത്. പേമെന്റ് വൗച്ചറുകൾ ക്രമമായി സൂക്ഷിക്കുന്നില്ല. വാർഷികകണക്ക് തയ്യാറാക്കുന്നതിൽ കുറച്ചുകൂടി ശുഷ്കാന്തി ഉണ്ടാവേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും സമയപരിധികഴിഞ്ഞ ചെക്കുകൾ വ്യത്യാസമായി രേഖപ്പെടുത്തുന്നുണ്ട്. സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാത് വർഷം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്. നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന രീതിയിൽ തൊഴിൽനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2018-19 മുതൽ 2020-21 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ 9 പരാമർശങ്ങൾ ഉള്ളതിന് മറുപടി നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലെ 10 പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടുള്ളത് 1-9-2015 മുതൽ 30-9-2015 വരെയുള്ള കാലയളവിലെ മാത്രമാണ്. തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ വിവരം ലഭ്യമല്ല. ഓഡിറ്റ് ഒബ്ജെക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

### 1-11-0 വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

നഗരസഭയുടെ തൻ വർഷത്തെ വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചൂണ്ടി കാണിച്ചുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (41-30.01.2023) മറുപടി നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-11-1 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ( Un Authorized) വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫാറം 10-ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ രജിസ്റ്റർ ഓഡിറ്റ് കാലയളവിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ ഫീ ഇനത്തിൽ 265644/-രൂപ വരവ് ഉണ്ട്. ടി തുകയുടെ ആധികാരിത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.

### 1-11-2 ന്യൂ ബിൽഡിംഗ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

നഗരസഭയുടെ തൻ വർഷത്തെ ന്യൂ ബിൽഡിംഗ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി വർഷത്തിലെ പുതിയ ബിൽഡിംഗ് വിവരങ്ങൾ ലഭ്യമല്ല. പെർമിറ്റ് രജിസ്റ്റർ പ്രകാരം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് സങ്കേതം സോഫ്റ്റ് വെയറിലൂടെ ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് സഞ്ചയയിൽ നികുതി നിർണ്ണയം നടത്തിയ വിവരങ്ങൾ ലഭ്യമല്ല.

### 1-11-3 വസ്തു നികുതിയുടെ വാർഷിക സംക്ഷിപ്തം തയ്യാറക്കിയിട്ടില്ല.

നഗരസഭ വാർഡ് അടിസ്ഥാനത്തിൽ തയ്യറാക്കേണ്ട വസ്തു നികുതിയുടെ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

### 1-11-4 വസ്തു നികുതി കുടിശ്ശിക

സഞ്ചയ സോഫ്റ്റ് വെയറിലെ അരിയർ രജിസ്റ്റർ പ്രകാരം 397 സ്ഥാപനങ്ങളുടെ വസ്തു നികുതി അടാവാക്കൻ അവശേഷിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ പല കെട്ടിടങ്ങളും അവസാനമായി നികുതി അടവാക്കിയതായി കാണിക്കുന്നത് 2013-2014, 2014-2015, 2015-2016 വർഷങ്ങളിലാണ്. സാംഖ്യ സോഫ്റ്റ് വെയറും സഞ്ചയയും തമ്മിൽ ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിലെ 2021-2022 ലെ അരിയർ രജിസ്റ്റർ പ്രകാരമുള്ള തുകയും, വാർഷിക കണക്കുപ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അരിയർ രജിസ്റ്റർ പ്രകാരം | വാർഷിക കണക്കുപ്രകാരം (കുടിശ്ശിക) |
|---|---|

| | |
|---|---|
| 31,32,203/-രൂപ | 14,202,948/-രൂപ |

നികുതി കുടിശ്ശിക കൃത്യമായി കണ്ടെത്തി നഗരസഭയുടെ വരവ് ഉയർത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-11-5 വസ്തു നികുതി പരിഷ്കരണം പൂർത്തികരണം നാളിതു വരെയായിട്ടും നടപ്പിലായിട്ടില്ല.**

നഗരസഭ പരിധിയിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ മുഴുവൻ വിവരങ്ങളും സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ല. വസ്തു നികുതി പരിഷ്കരണം 30.9.2022 ന് പൂർത്തീകരിക്കുമെന്ന് നഗരസഭ 20-21 സാമ്പത്തികവർഷത്തെ ഓഡിറ്റിലെ ഖണ്ഡിക(1-12)ൽ സൂചിപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെയായിട്ടും ഈ പ്രവൃത്തി പൂർത്തികരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

**1-12-0 മൊബൈൽ ടെലഫോൺ ടവറിന് നികുതി ഈടാക്കിയിട്ടില്ല**

മുനിസിപ്പാലിറ്റി പരിധിയിലെ തൻ വർഷത്തെ മൊബൈൽ ടെലഫോൺ ടവറുകളുടെ നികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലൂടെ പരിശോധിച്ചതിൽ ഒരു ടവറിനു മാത്രമാണ് നികുതി ഡിമാൻഡ് ചെയ്തതായി കാണുന്നത്. എന്നാൽ പെർമിറ്റ് പരിശോധനയിൽ രണ്ട് ടവറുകൾക്ക് പെർമിറ്റ് നൽകുകയും അവ 24.12.2021 ന് പൂർത്തീകരിച്ചതായും കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം. | സ്ഥാപനം | സർവ്വേ നം | ഉപയോഗക്രമം | ഉയരം | പൂർത്തികരിച്ച പ്ലാൻ | ലൈസൻസ് നം |
|---|---|---|---|---|---|---|---|
| 1 | ഇ1 13982. / 24.10.2020 | റിലയൻസ് | 139/5-4 | ടവർ | $1.95m^2$ | BA 297/20-21 | G6/1439/12/523/GA |
| 2 | ഇ1 13983/ 24.10.2020 | റിലയൻസ് | 24/4-1 | ടവർ | $1.95m^2$ | BA 297/20-21 | G6/1439/12/523/GA |

ടി മൊബൈൽ ടവറിന് വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക്( 39-28.01.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെകേരള മുനിസിപ്പാലിറ്റി ചട്ടം 5 പ്രകാരം മേൽ പരാമർശിച്ചിരിക്കുന്ന ടവറുകൾ സഞ്ചയ സോഫറ്റ് വെയറിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതാണ്. നഗര പ്രദേശത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾ കണ്ടെത്തി അവയ്ക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-12-1 സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി നിർണ്ണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ**

സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി നിർണ്ണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. നികുതി കുറവാക്കി അടവാക്കിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(I)

| ക്രമ നം | കെട്ടിട നം. | ഉടമയുടെ വിലാസം | സഞ്ചയ പ്രകാരം വിസ്തീർണ്ണം | സഞ്ചയ പ്രകാരം ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 13/1058 | അബ്ദുള്ള ചാമ്പല കാട്ടിൽ | 110m2 | വസ്തു നികുതി=152<br>ലൈബ്രറി സെസ്=8<br>സർവ്വീസ് ചാർജ് =16<br>ആകെ=176 | (വാണിജ്യംആവശ്യങ്ങൾക്ക് 100m$^2$<=80)110x80=8800<br>ലൈബ്രറി സെസ്=440<br>സർവ്വീസ് ചാർജ് =880<br>ആകെ=10120 | 9944 |
| 2 | 2/655 | എം.വി തോമസ്. മുല്ലപ്പള്ളി | 358.4m2 | വസ്തുനികുതി=24192<br>ലൈബ്രറിസെസ്=1210<br>സർവ്വീസ് ചാർജ്=2420<br>ആകെ=27822 | 200m2< വാണിജ്യം=120<br>358.4x120=43008<br>ലൈബ്രറി സെസ്=2150<br>സർവ്വീസ് ചാർജ് =4301<br>ആകെ=49459 | 21637 |

നഷ്ടം =31581/- രൂപ

(Ii)

| ക്രമ നം | കെട്ടിട നം. | ഉടമയുടെ വിലാസം | സഞ്ചയ പ്രകാരം വിസ്തീർണ്ണം | സഞ്ചയ പ്രകാരം ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 24/ 200 | അബ്ദുദ്ദൾഅഷറവ് കൈപ്പാക്കന്നി | 110m$^2$ | വസ്തു നികുതി=487<br>ലൈബ്രറി സെസ്=25<br>സർവ്വീസ് ചാർജ് =49<br>ആകെ=561 | 110m$^2$x8(പാർപ്പിടം)=880<br>ലൈബ്രറി സെസ്=44<br>സർവ്വീസ് ചാർജ് =88<br>ആകെ=1012 | 451 |
| 2 | 24/ 201 | അബ്ദുദ്ദൾഅഷറവ് കൈപ്പാക്കന്നി | 110 M$^2$ | വസ്തു നികുതി= 487,ലൈബ്രറി സെസ്=25 സർവ്വീസ് ചാർജ്=49<br>ആകെ=561 | 110m$^2$x8(പാർപ്പിടം)=880<br>ലൈബ്രറി സെസ്=44<br>സർവ്വീസ് ചാർജ് =88<br>ആകെ=1012 | 451 |
| 3 | 24/ 202 | അബ്ദുദ്ദൾഅഷറവ് കൈപ്പാക്കന്നി | 110 M$^2$ | വസ്തുനികുതി=487 ലൈബ്രറി സെസ്=25 സർവ്വീസ്ചാർജ്=49<br>ആകെ=561 | 110m$^2$x8(പാർപ്പിടം)=880<br>ലൈബ്രറി സെസ്=44<br>സർവ്വീസ് ചാർജ് =88<br>ആകെ=1012 | 451 |
| 4 | 24/ 203 | അബ്ദുദ്ദൾഅഷറവ് കൈപ്പാക്കന്നി | 110 M$^2$ | വസ്തു നികുതി=487<br>ലൈബ്രറി സെസ്=25<br>സർവ്വീസ്ചാർജ്=49<br>ആകെ=561 | 110m$^2$x8(പാർപ്പിടം)=880<br>ലൈബ്രറി സെസ്=44<br>സർവ്വീസ് ചാർജ് =88<br>ആകെ=1012 | 451 |
| 5 | 24/ 207 | ചന്ദ്രസേനൻ പെരിമ്പാടാരി | 150 M$^2$ | വസ്തുനികുതി=284 ലൈബ്രറി സെസ്=15<br>സർവ്വീസ് ചാർജ് =29<br>ആകെ=328 | 150x8(പാർപ്പിടം)=1200<br>ലൈബ്രറി സെസ്=60<br>സർവ്വീസ് ചാർജ് =120<br>ആകെ=1380 | 1052 |
| 6 | 24/ 209 | കെ.എം ചെറിയാൻ | 139.64m$^2$ | വസ്തു നികുതി=151<br>ലൈബ്രറി സെസ്=8 സർവ്വീസ് ചാർജ് =16<br>ആകെ=175 | 139.64m$^2$x8(പാർപ്പിടം) =1117.12ലൈബ്രറി സെസ്=56<br>സർവ്വീസ്ചാർജ്=112<br>ആകെ=1285.2 | 1110.2 |
| 7 | 24/ 212 | ജോസ് വള്ളിനിരാക്കൽ പെരിമ്പാടാരി | 117m$^2$ | വസ്തു നികുതി=50<br>ലൈബ്രറി സെസ്=3<br>സർവ്വീസ് ചാർജ് =5 | 117m$^2$x8(പാർപ്പിടം)=936<br>ലൈബ്രറി സെസ്=47 | 1019 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ=58 | സർവ്വീസ് ചാർജ് =94<br>ആകെ=1077 | |
| 8 | 24/213 | അന്നമ്മ | 150m$^2$ | വസ്തു നികുതി=549<br>ലൈബ്രറി സെസ്=28<br>സർവ്വീസ്ചാർജ് =55<br>ആകെ=632 | 150m$^2$x8=1200<br>ലൈബ്രറി സെസ്=60<br>സർവ്വീസ്ചാർജ് =120<br>ആകെ=1380 | 748 |
| 9 | 24/215 | പി.എ.ഷാജു | 176m$^2$ | വസ്തു നികുതി=50<br>ലൈബ്രറി സെസ്=3<br>സർവ്വീസ്ചാർജ്=5<br>ആകെ=58 | 176m$^2$x8=1408<br>ലൈബ്രറി സെസ്=71<br>സർവ്വീസ്ചാർജ് =141<br>ആകെ=1620 | 1562 |
| 10 | 24/216 | ചന്ദ്രിക കോഴിക്കാട്ടിൽ | 161 M$^2$ | വസ്തു നികുതി=567<br>ലൈബ്രറി സെസ്=29<br>സർവ്വീസ്ചാർജ് =57,ആകെ=653 | 161m$^2$x8=1288<br>ലൈബ്രറി സെസ്=64<br>സർവ്വീസ്ചാർജ് =129<br>ആകെ=1481 | 828 |
| 11 | 24/218 | വിജയ രാഘവൻ, കൈനിക്കോട്ടിൽ | 120m$^2$ | വസ്തു നികുതി=50<br>ലൈബ്രറി സെസ്=3<br>സർവ്വീസ് ചാർജ് =5<br>ആകെ=58 | 120m$^2$x8=960<br>ലൈബ്രറി സെസ്=48<br>സർവ്വീസ് ചാർജ് =96<br>ആകെ=1104 | 1046 |
| 12 | 24/ 224 | ലക്ഷ്മി അമ്മാൾ | 70m$^2$ | വസ്തു നികുതി=50<br>ലൈബ്രറി സെസ്=3<br>സർവ്വീസ്ചാർജ് =5ആകെ=58 | 70m2x8=560<br>ലൈബ്രറി സെസ്=28<br>സർവ്വീസ് ചാർജ് =56<br>ആകെ=644 | 586 |

നഷ്ടം =9755/-രൂപ

2. വഴി സൗകര്യം പ്രഥമ മേഖലയിൽ ഉൾപ്പെട്ടവർക്ക് 20% നികുതി വർദ്ധനവ് നടപ്പിൽ വരുത്തിയിട്ടില്ല.

ശ്രീ മുഹമ്മദ് നാമ്പിയത്ത് എന്ന വ്യക്തിയുടെ 1/18, 1/ 19 വരെയുള്ള വാണിജ്യാവശ്യങ്ങൾക്ക് 20% നികുതി വർദ്ധനവ് നടപ്പിലാക്കതെയാണ് സഞ്ചയ പ്രകാരം നികുതി നിർണ്ണയം നടത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമയുടെ വിലാസം | സഞ്ചയ പ്രകാരം | | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| | | | വിസ്തീർണ്ണം | ഈടാക്കിയ നികുതി | | |
| 1 | 1/18 | മുഹമ്മദ് നമ്പിയത്ത് | 10.94 M2 | വസ്തു നികുതി=493<br>ഇളവ് =54.7(10%)<br>ലൈബ്രറിസെസ്=25<br>സർവ്വീസ് ചാർജ്=50<br>ആകെ=568 | വാണിജ്യംആവശ്യങ്ങൾക്ക്<br>100m$^2$ **>=50** 110x50=550<br>വർദ്ധനവ്=88(20%)-<br>ഇളവ്(10%)44=44<br>ലൈബ്രറിസെസ്=22<br>സർവ്വീസ് ചാർജ് =44<br>ആകെ=660 | 92 |
| 2 | 1/18 | മുഹമ്മദ് നമ്പിയത്ത് | 10.94 M2 | വസ്തു നികുതി=493<br>ഇളവ് =54.7(10%)<br>ലൈബ്രറിസെസ്=25<br>സർവ്വീസ് ചാർജ്=50<br>ആകെ=568 | വാണിജ്യംആവശ്യങ്ങൾക്ക്<br>100m$^2$ **>=50.** 110x50=550<br>വർദ്ധനവ്=88(20%)-<br>ഇളവ്(10%)44=44<br>ലൈബ്രറിസെസ്=22<br>സർവ്വീസ് ചാർജ് =44<br>ആകെ=660 | 92 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്( 41-30.01.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നികുതി

നഷ്ടം വ്യക്തികളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അപകാതകൾ പരിഹരിക്കേണ്ടതാണ്.

**1-13-0 ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 447 പ്രകാരം അനുസരിച്ച് ഒരു നഗരപ്രദേശത്ത് വ്യാപാരങ്ങൾ നടത്തുന്നതിനും, സംരഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും , ലൈസൻസ് ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ മുനിസിപ്പാലിറ്റിയുടെ പ്രദേശത്ത് പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനങ്ങൾ | ഉടമ |
|---|---|---|
| 1 | കൃഷ്ണഡ്രൈവിങ് സ്കൂൾ | 13/456ദിവാകരൻ, മേലുവീട്,മുണ്ടേരക്കാട് |
| 2 | ഹൈവേ ബാർ | 13/456മുരളിധരൻ, പറക്കോട്ടിൽ(വീട്),കോട്ടപ്പുറം |
| 3 | നെക്സ അഡ്വഡെസ്സ്മെന്റ്സ് | 13/553ജയേഷ് പി, മേൽപ്പാട്ട് (വീട്), ചങ്ങലീരി,പറമ്പുള്ളി |
| 4 | ടെയ്ലറിങ് ഷോപ്പ് | 13/597,നിഷപി.എൻ, പ്ലാൻതോട്ടം,നടാമാളിക |
| 5 | ഡിജിറ്റൽ സേവ സി.എസ്.സി ഇമേജ് കമ്മ്യൂണിക്കേഷൻസ് | 13/720,സുബെർകെ.പി, കാഞ്ഞിരംതൊടി, തെങ്കര |
| 6 | ഫിറ്റ്നസ് സെന്റർ | 13/823,സാബിദ് വി.പി, വഴിപ്പുറം(വീട്) |
| 7 | കാരുണ ട്രേഡിങ് | 13/1614(6)ഫാവാസ് മുഹമ്മദ് നീർവാണി (ഹൗസ് ),തെങ്കര |
| 8 | സാജാക് ഡിജിറ്റൽ സ്റ്റുഡിയോ | 10/535,രാജേഷ്,ശിവക്കുന്ന്, സുരേഷ് കെ.ബി,ചെരുംക്കളം, മണ്ണാർക്കാട് |
| 9 | ജ്ജലവറിപ്രവർത്തനം | 10/554,സിദ്ദീഖ്,ചങ്ങലീരി, മണ്ണാർക്കാട് |
| 10 | ബ്രദേഴ്സ്ഓപ്ടിക്കൽസ് | 10/677ദിവാകരൻ, ചെരുംകര,പെരിന്തൽമണ്ണ |
| 11 | സോനു സ്റ്റുഡിയോ | 10/678,ശിവദാസൻ. ചാനട്ടിൽ(ഹൗസ്), പയ്യനടം |
| 12 | ഇലക്ട്രിക്കൽ പ്ലംബിങ് | മുഹമ്മദ്ഫായിസ് . എംഅഗളി |
| 13 | ചിക്കൻ ഫാം | 3/233,മുഹമ്മദ്അലി, തിരുവാഴിക്കുന്ന് |
| 14 | കോലഞ്ചരി | 10/1209,റാണികോലഞ്ചരി |

| | | |
|---|---|---|
| | ജ്വലവറി | (വീട്) എറണാകുളം |
| 15 | ഫ്രൂട്ട് സ്റ്റാൾ | 10/1216,സാദിക്കലി തെങ്കരമണ്ണാർക്കാട് |

ഇത്തരത്തിൽ പലവാർഡുകളിലും ലൈസൻസ് പുതുക്കാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (22-25.01.2023) നഗരസഭ നൽകിയ മറുപടിയിൽ ഇതിനെതിരെ 17.8.2022, 26.8.2022, 19.8.2022, 22.8.2022 എന്നീ തിയ്യതികളിൽ ഫോം സി നൽകിയതായി അറിയിച്ചിട്ടുണ്ട്.

## 1-13-1 വാർഡ് അടിസ്ഥാനത്തിലുള്ള ലൈസൻസ് ഡി.സി.ബി രജിസ്റ്ററുകൾ അപൂർണ്ണമാണ്

വാർഡ് അടിസ്ഥാനത്തിലുള്ള പല ലൈസൻസ് ഡി.സി.ബി രജിസ്റ്ററുകൾ അപൂർണ്ണമാണ്. പല സ്ഥാപനങ്ങളുടെയും ഡിമാൻഡ് ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയിലെ 29(19-2013 ലെ വാർഡ് വിഭജനം) വാർഡുകളുടെ ലൈസൻസ് രജിസ്റ്ററുകളിൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളും, ലൈസൻസ് പുതുക്കിയവയുടെയും മാത്രമേ വിവരങ്ങൾ ലഭ്യമായിട്ടുള്ളൂ. ആയതിനാൽ പല വാർഡുകളിലെയും സ്ഥാപനങ്ങളുടെ ആകെ ഡിമാൻഡ് തുക ലഭ്യമല്ല. ഇതിനാൽ ലൈസൻസിന്റെ ഡി.സി.ബി വിവരങ്ങൾ വാർഷിക സംക്ഷിപ്തവുമായി പൊരുത്തപ്പെടുത്താൻ കഴിയില്ല.

## 1-13-2 ലൈൻസസ് അപേക്ഷയിലെ ന്യൂനതകൾ

30.11.2020 ലെ കേരള മുനിസിപ്പാലിറ്റി ലൈസൻസ് അനുവദിക്കൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം, 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് നിലവിൽ അറിയപ്പെടുന്നത്. ഈ ചട്ടങ്ങൾക്ക് അനുസൃതമായണ് പരിശോധന നടത്തിയിട്ടുള്ളത് മുൻസിപ്പാലിറ്റിയിലെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയിൽ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമല്ല.

1.കേരള മുനിസിപ്പാലിറ്റി രാജ് 448(1)എ പ്രകാരം വ്യവസായശാലയോ, ഫാക്ടറിയോ, മറ്റു പണി സ്ഥലമോ, നിർമ്മിക്കുവാൻ ഒരു സ്ഥലം ഉപയോഗിക്കുവാനോ, ആ സ്ഥലത്ത് വ്യവസായശാലയോ ഫാക്ടറിയോ നിർമ്മിക്കുവാനോ, സ്ഥാപിക്കുവാനോ അതിൽ ആവിശക്തിയോ, ജല ശക്തിയോ മറ്റു യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിക്കുവാനോ, ഉദേശിക്കുന്ന ഏതൊരാളും (2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള അപേക്ഷയിൽ , ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ, ജോലി സ്ഥലത്തോ, പരിസരത്തോ ഏതെങ്കിലും ദിവസം പ്രവൃത്തിക്ക് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന തൊഴിലാളികളുടെ പരമാവധി എണ്ണം പറയേണ്ടതും അപേക്ഷയുടെ കൂടെ (I) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള വിധത്തിൽ തയ്യാറാക്കിയ, ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ, ജോലിസ്ഥലത്തോ, പരിസരത്തിന്റെയോ, ഒരു പ്ലാനും (Ii) ഇതിനായി ഉണ്ടാക്കിയിട്ടുള്ള ബൈലാകൾ ആവശ്യപ്പെടുന്ന പ്രകാരം ശക്തിയോ, യന്ത്രസാമഗ്രിയെയോ, യന്ത്ര സംവിധാനത്തെയോ പരിസരത്തിന്റെയോ, സംബന്ധിച്ച അങ്ങനെയുള്ള വിശദാംശങ്ങളും ചേർത്തയക്കേണ്ടതുമാണ്. ലൈസൻസ് അപേക്ഷകളിലെ വിവരങ്ങൾ ലഭ്യമാക്കാതെ തന്നെ ലൈസൻസ് അനുവദിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | ഉടമ | സ്ഥാപനം/മൂലധനം | അപേക്ഷയിൽ ലഭ്യമല്ലത്താത് |
|---|---|---|---|---|
| 1 | H1-214/22<br>6.4.2022 | അബ്ദുൾ സലാം. സി.കെ<br>സിയാദ് കെ. പി<br>കോട്ടപ്പടി | ദുബായ് ഇൻറീരിയർ ഗാലറി LLP (പ്ലൈവുഡ്)/<br>10,00,000 | തൊഴിലാളികൾ,<br>യന്ത്ര വിവരങ്ങൾ,<br>പ്ലാൻ |

| | | | | |
|---|---|---|---|---|
| 2 | H1-7694/22 12.07.2022 | നസീർ S/Oമുത്തുക്കുട്ടി ചങ്ങലീരി | വിൻ ഹോട്ട് ചിപ് സ് / 500,000 | തൊഴിലാളികൾ, പ്ലാൻ |
| 3 | H1-1237 3.2.22 | സുരേഷ് കുമാർ ചേരുർ തൃശ്ശൂർ | ഐ.ടി ഓഫീസ് ഫൗണ്ടർ ഫോണിക്സ് / 20,00,000 | തൊഴിലാളികൾ, യന്ത്രത്തെ കുറിച്ചുള്ള വിവരങ്ങൾ, പ്ലാൻ |
| 4 | H1-13011/21 22.11.2021 | നൗഫൽ പുലിക്കത്ത് കൊടക്കാട് | ഭക്ഷ്യാൽപൽ പന്നങ്ങളുടെ വിൽപ്പനയും, വിതരണവും/ 10,00,000 | തൊഴിലാളികൾ, ഫുഡ് ആന്റി സേഫ്റി കൺട്രേളാറുടെ സാക്ഷ്യപത്രം |
| 5 | H1-1501/21 3.2.2021 | അഷറഫ് , വലമ്പൂർ,കോട്ടപ്പാടം | എ.വൺ ഗ്ലാസ് ഹാർഡ് വെയർ/ 23,00,000 | തൊഴിലാളികൾ |
| 6 | H1-1603/21 5.2.21 | ആന്റണി,കുന്തിപുഴ | ഷൈനി റൈസ് ഫ്ലോർ മില്ല് / 50,00,000 | തൊഴിലാളികൾ, തൊഴിലാളികൾ, യന്ത്രത്തെ കുറിച്ചുള്ള വിവരങ്ങൾ |
| 7 | H1-4903/21 10.4.21 | മിഥുൻ , കാഞ്ഞിരപ്പുഴ | ഗ്രീൻ , മെഡിക്കൽസ് ആന്റ് സർജിക്കൽസ് /10,00,000 | തൊഴിലാളികൾ |
| 8 | H1-11790/21 25.10.21 | ഫൈസൽ വിയ്യകുറിശ്ശി | മൂൺ ലൈറ്റ് ബേക്കറിയൂണിറ്റ്/ 11,00,000 | തൊഴിലാളികൾ,ഫുഡ് ആന്റി സേഫ്റി കൺട്രേളാറുടെ സാക്ഷ്യപത്രം ,യന്ത്രത്തെ കുറിച്ചുള്ള വിവരങ്ങൾ |
| 9. | H1-14011/21 10.12.2021 | ഹരിദാസൻ,കോട്ടപ്പുറം | ഓട്ടോ മൈബൈൽ എഞ്ചിനീയർ വർക്ക്സ്(വെൽഡിങ് വർക്ക്സ് /300000 | തൊഴിലാളികൾ, യന്ത്രത്തെ കുറിച്ചുള്ള വിവരങ്ങൾ, പ്ലാൻ |
| 10 | H1-7550 20.7.21 | ഉസ്മാൻ.പി പൂക്കോട്ടുമന | ചപ്പാത്തി കമ്പനി / 2,00,000 | തൊഴിലാളികൾ, യന്ത്രത്തെ കുറിച്ചുള്ള വിവരങ്ങൾ, പ്ലാൻ, ഫുഡ് ആന്റി സേഫ്റി കൺട്രേളാറുടെ സാക്ഷ്യപത്രം |

ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക് (21-27.01.2023 ) നൽകിയ മറുപടിയിൽ ലൈസൻസ് അപേക്ഷകളിൽ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച ഭാഗം ഇല്ലെന്നും, തൊഴിലാളികൾക്ക് ഡിമാൻഡ് നോട്ടീസ് നൽകാറുണ്ടെന്നും, തുടർ വർഷങ്ങളിൽ ഇവ പരിഹരിക്കുമെന്നും അറിയിച്ചിരിക്കുന്നു.

എന്നാൽ ടി വിവരം ലൈസൻസ് അപേക്ഷയിൽ ടി വിവരം ഉൾപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായ കാര്യമാണ്. ഈ വിവരം രേഖപ്പെടുത്താത്തത് കമ്പ്യൂട്ടർ പ്രിന്റ് ഔട്ടിൽ മാത്രമാണ്. കൂടാതെ റവന്യൂ ഇൻസ്പെക്ടറുടെ പരിശോധനാകുറിപ്പിലും ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. യന്ത്രങ്ങളുടെ ഇൻസ്റ്റലേഷൻ വിവരങ്ങൾ, കുതിര ശക്തി എന്നിവ അപേക്ഷയിൽ ലഭ്യമല്ല. ആയതിനാൽ ടി വിവരങ്ങൾക്കായി നിർണ്ണയിച്ച ഫീസിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. യന്ത്രങ്ങളുടെ വിവരങ്ങൾക്ക് അനുസരിച്ച് ഫീ അടാവാക്കേണ്ടതാണ്. മേൽ ചട്ടപ്രകാരം നികുതി ചോർച്ചകൾ കണ്ടെത്തി നികുതി പിരിവ് കൂടതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-14-0 സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക അടാവാക്കിയിട്ടില്ല

(2005)ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ -ചട്ടം 3(2) മുതൽ 3(11) വരെയുള്ള ഭാഗങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്തെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൻവർഷത്തിൽ ഇത്തരത്തിൽ തൊഴിൽ നികുതി അടവാക്കിതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എൻ.ഐ.സി കോളജ് | ആദ്യപാദം, രണ്ടാംപാദം |
| 2 | ഐ.സി.എസ്.ഐ.ടി എജ്യൂക്കേഷൻ | ,, |
| 3 | അനുഗ്രഹ നേച്ചർ ലൈഫ് സെന്റർ | ,, |
| 4 | വിക്ടറി കോളജ് നെല്ലിപ്പുഴ | ,, |
| 5 | ജിയോജിത്ത് ഫിനാൻഷ്യൽ | ,, |
| 6 | പാലക്കാട് പ്രവാസി കോ-ഓപ്പറേറ്റീവ് സൊസോറ്റി | രണ്ടാംപാദം |
| 7 | ഓർബിറ്റ് ഇൻസ്റ്റിറ്റ്യൂട്ട് | ,, |
| 8 | വേണസ് ഡെന്റൽ കെയർ | ,, |
| 9 | ക്രസന്റ് ട്യൂഷൻ സെന്റർ | ,, |
| 10 | ഹോട്ടൽ ഹിൽ വ്യൂ | ,, |
| 11 | ദിവ്യലക്ഷ്മി സാരിസെന്റർ | രണ്ടാംപാദം |
| 12 | മുല്ലാസ് വെഡിങ്ങ്സെന്റർ | ,, |
| 13 | ഓർക്കാസ് തിയറ്റർ | ,, |
| 14 | ശിവശക്തി സിനിമ മാസ് | ,, |
| 15 | കെ.എസ്.ഇ.ബി | ആദ്യപാദം |

ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക്(4-23.01.2023) നൽകിയ മറുപടിയിൽ കെ.എസ്.ഇ.ബി ഒഴികെ മറ്റ് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, കെ.എസ്.ഇ.ബി ഓഫീസ് തെങ്കര

ഗ്രാമപഞ്ചായത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14-1 തൊഴിൽ നികുതി ചുമത്തിയിട്ടില്ല**

2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി- )ചട്ടങ്ങളിലെ ചട്ടം 3 (1)പ്രകാരം തൊഴിൽ നികുതി ചുമത്തുന്നതിന് നഗരസഭയെ അധികാരപ്പെടുത്തിയിരിക്കുന്നു.

1)ചട്ടം3(1)പ്രകാരംഏതെങ്കിലുംഓഫീസിലോ, കമ്പനിയിലോ, ഫേമിലോ, സംരഭത്തിലോ, എസ്റ്റാബ്ലിഷ്മെന്റിലോ, സ്ഥാപനത്തിലോ ശമ്പളത്തിനോ, വേതനത്തിനോ നിയമിക്കപ്പെടുകയോ അതിൽ തൊഴിൽ എടുക്കുകയോ, ഉദ്യോഗം വഹിക്കുകയോ, നിക്ഷേപങ്ങളിൽ നിന്ന് വരുമാനം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന അർദ്ധവാർഷിക വരുമാനം 12000/- രൂപയിൽ കുറവല്ലാത്ത വ്യക്തികളെ തൊഴിൽ നികുതി ചുമത്തേണ്ട ആവശ്യത്തിനായി ഏതെല്ലാം തരങ്ങളായി തിരിക്കണമെന്നും, ഓരോന്നിനും ചുമത്താവുന്ന അർദ്ധ വാർഷിക നികുതി എത്രയായിരിക്കണമെന്നുള്ളതും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടിട്ടുണ്ട്. എന്നാൽ പല സ്ഥാപനങ്ങളിൽ നിന്നും ഈ ഇനത്തിലെ നികുതി പിരിച്ചടുത്തിട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | വ്യക്തി/ ജീവനക്കാർ |
|---|---|---|
| 1 | മോജാസ് ഹൈപ്പർ മാർക്കറ്റ് | എണ്ണം ലഭ്യമല്ല. |
| 2 | 13 മാലിക് ആയുർ വേദ ക്ലിനിക്ക് | ഡോ.ഹുസൈൻ ചെമ്പക്കുഴി,കാഞ്ഞിരപ്പുഴ |
| 3. | എ.എം വിംങ്സ് ട്ടു വിലേജ് സ് (പ്രൈവറ്റ് .ലി) | എണ്ണം ലഭ്യമല്ല. |
| 4 | എ.ബി.സി മോട്ടേഴ്സ് | എണ്ണം ലഭ്യമല്ല. |
| 5 | സെന്റ് .പോൾസ് ആയുർ വേദ ചികിത്സാലയം | എൽഡോ.എ.പി |
| 6 | റിലയൻസ് പോളി ബാഗ്സ്, മുഹമ്മദ് ബഷീർ ടി.പി | എണ്ണം ലഭ്യമല്ല. |
| 7 | എമറാൾഡ് റെസിഡൻസി<br>ഫസലു റഹ്മാൻ ,നമ്പിയത്ത് (വീട്), ചങ്ങലീരി | എണ്ണം ലഭ്യമല്ല. |
| 8 | ഫവാസ് ട്ടൂറിസ്റ്റ് ഹോം | എണ്ണം ലഭ്യമല്ല. |
| 9 | സുധർമ്മ സെപഷാലിറ്റി | എണ്ണം ലഭ്യമല്ല. |

| | | |
|---|---|---|
| | ലബോറട്ടറി. മുഹമ്മദ് ഇസ്കന്ദർ,കണ്ണം തൊടി, പരിയാംപ്പുറത്ത് വെട്ടത്തൂർ | |
| 10 | പ്രശാന്തി ആയുർവേദിക് ക്ലിനിക്ക്,ശ്രീഹരി സി.വി. ചീരംക്കുന്ന് (വീട്) | എണ്ണം ലഭ്യമല്ല. |
| 11 | കാരുണ്യ ദന്തൽ ക്ലിനിക്ക് | ഡോ.സിക്കന്തർ സൽമാൻ |
| 12 | ഷിഫ ഡെന്റൽ ക്ലിനിക്ക് | ഡോ.യഹിയ |
| 13 | ഐശ്വര്യ കൺട്രക്ഷൻസ് ,മോഹൻ ദാസ് കെ.കിഴിയേടത്ത് (വീട്)അരക്കുറിശ്ശി | എണ്ണം ലഭ്യമല്ല. |
| 14 | അൽനൂറ് ഹോട്ടൽ മുഹമ്മദ് റിഷാദ് ,കുറിക്കാട്ടിൽ ചങ്ങലീരി | എണ്ണം ലഭ്യമല്ല. |
| 15 | ഗൾഫ് ട്രാവൽസ് ഹംസ കെ.പി കളിപ്പറമ്പിൽ പള്ളിപ്പടി | എണ്ണം ലഭ്യമല്ല. |
| 16 | ശാന്തി ഹോമിയോ കെമിക്കൽസ് | ഡോ.കെ.പി. രഘുവരൻ |
| 17 | ഡെന്റൽ കെയർ | ഡോ.സജിതോമസ്,നേരിമറ്റം |
| 18 | സൂര്യ അരിമാവുകമ്പനി, വാസന്തി എം. തെക്കേപ്പുറം | എണ്ണം ലഭ്യമല്ല. |
| 19 | കെ.ജി ക്ലിനിക്ക് | ഡോ.മിൻതുരാജൻ പുല്ലൻക്കുഴിക്കാട്ടിൽ അരക്കുറിശ്ശി |
| 20 | സ്കിൻ ക്ലിനിക്ക് | ഡോ.സുരേഷ് |

ട്രേഡ്സ്/സ്ഥാപനങ്ങൾ എന്നരേഖപ്പെടുത്തിയിട്ടുള്ള 1 മുതൽ 4 വാല്യം വരെയുള്ള രജിസ്റ്ററിലെ 1814

(1739+75(ധനകാര്യസ്ഥാപനങ്ങൾ))സ്ഥാപനങ്ങളിൽ 213 സ്ഥാപനങ്ങളിലെ തൊഴിലാളികൾ മാത്രമാണ് തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്തിരിക്കുന്നത്. മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ നികുതി, ഡിമാൻഡ് ചെയ്യുകയോ, ഈടാക്കുകയോ ചെയ്തിട്ടില്ല. ടി ജീവനക്കാരുടെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യം ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറികൾക്ക് (4-21.01.2023, 10-27.01.2023) ലഭ്യമാക്കിയ വിശദീകരണത്തിൽ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിരിക്കുന്നു.

നഗരസഭ പരിധിയിലുള്ള 1739 സ്ഥാപനങ്ങളിൽ നിന്നും 12000/- രൂപയ്ക്ക് മുകളിൽ അർദ്ധ വാർഷിക വരുമാനമുള്ള തൊഴിലാളികളയോ, തൊഴിലാളികളുടെ എണ്ണമോ കണ്ടെത്തുവാൻ നാളിതുവരെയായിട്ടും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. തൊഴിലാളികളുടെ എണ്ണം ലഭ്യമല്ലത്തിനാൽ ഈ ഇനത്തിൽ സംഭവിച്ച വലിയ നഷ്ടം നിർണ്ണയിക്കുവാനും കഴിഞ്ഞിട്ടില്ല. നഗരസഭയുടെ തൊഴിൽ നികുതി ഇനത്തിലെ ചട്ട ലംഘനം കനത്ത നികുതി ചോർച്ചയ്ക്ക് കാരണമാവുന്നു. ഇതു പരിഹരിക്കാനാവശ്യമായ തുടർ നടപടികൾ പാലിച്ച് നികുതി പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 തൊഴിൽ നികുതി ഇനത്തിൽ ഡിമാൻഡ് ചെയ്യാത്തു മൂലം നികുതിനഷ്ടം**

2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചുമത്തുന്നതിന് നഗരസഭയെ അധികാരപ്പെടുത്തിയിരിക്കുന്നു. 1-ാം ഉപചട്ടത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്വയം തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരെയും കമ്പനികളെയും, ബിസിനസ്സ് നടത്തുന്നവരെയും തൊഴിൽ നികുതി ചുമത്തേണ്ട ആവശ്യത്തിനായി തരം തിരിച്ചിട്ടുണ്ട് 3(2) പ്രകാരം നികുതി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ ഇത്തരത്തിൽ നികുതി പിരിച്ചെടുക്കുന്നതിൽ പല സ്ഥാപനങ്ങളിൽ നിന്നും വളരെ കുറവ് നികുതി മാത്രമാണ് പിരിച്ചെടുത്തിരിക്കുന്നത്

<u>തൊഴിൽ നികുതി ഇനത്തിലെ നഷ്ടം</u>

ആകെ സ്ഥാപനങ്ങൾ ട്രേഡ്സ് രജിസ്റ്റർ പ്രകാരം =1739+75 ( ധനകാര്യ സ്ഥാപനങ്ങൾ)=1814

നികുതി 1250 രൂ. പ്രകാരം അടവാക്കിയത് (ട്രേഡ്സ് രജിസ്റ്റർ പ്രകാരം ) ആകെ 423 സ്ഥാപനങ്ങളാണ്.

നികുതി അടാവാക്കത്തവ= 1814-423=1391
ടി 1391 സ്ഥാപനങ്ങളിൽ ചിലത് സ്ഥാപനനികുതി അടവാക്കിയിട്ടില്ല. ചിലവ ഭാഗികമായി അടവാക്കിയിട്ടുണ്ട് .

ട്രേഡ്സ്/സ്ഥാപനങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ള 1 മുതൽ 4വാല്യം വരെയുള്ള രജിസ്റ്ററിലെ 1814 സ്ഥാപനങ്ങളുടെ നിന്നും കുറവായി നികുതി ഈടാക്കിയിട്ടുള്ള ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | പ്രവർത്തിക്കുന്ന സ്ഥലം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | നിസ ഡയറി | | 600/- | 1250/ | 1250-660=650/- |
| 2 | ബ്യൂട്ടി കലക്ഷൻസ് സതീഷൻ.സി.കെ .ചെറുപറമ്പിൽ | 1/659 | 450/- | 1250/ | 800/- |
| 3 | ടി.പി ടൈഡേഴ് സ്, | 1/709, 711 | 750 | 1250 | 500/- |
| 4. | എസ്.ബി.ഏജൻസീസ് | | 750 | 1250/ | 500/- |
| 5 | ഉണ്ണി ഓട്ടോ ഇലക്ട്രിക്കൽ | 2/004 | 450/- | 1250/ | 800 |

| | | | | | |
|---|---|---|---|---|---|
| 6 | ഡേവിസൺ ഓട്ടോ സ്പെയർ പാർട്ട്സ് . | 2/008 | 750/- | 1250/ | 500 |
| 7 | ഐ.സെക്യൂരിറ്റി സിസ്റ്റം | 2/147 | 450/- | 1250/ | 800 |
| 8 | സംഗമം ടെക് സ്റ്റൽസ് | 2/156 | 750- | 1250/ | 500 |
| 9 | കാർ സ്പാ ഓട്ടോ ഇലക്ട്രിക്കൽസ് | 2/258 | 750 | 1250/ | 500 |
| 10 | കുത്താമ്പുള്ളി കൈത്തറി | 2/527 | 750/- | 1250/ | 500/- |
| 11 | ഹാട്സൺ വേൾഡ് ജനറൽ ട്രേഡിംഗ് | 2/525 | 750/- | 1250/ | 500/- |
| 12 | ഗ്ലോബൽ അക്കാദമി | 2/552 | 450- | 1250/ | 800 |
| 13 | ഹോട്ടൽ അമ്പാടി | 2/568 | 450 | 1250/ | 800 |
| 14 | ഫോട്ടോ മാജിക്ക് സ്റ്റുഡിയോ. | 2/570 | 750 | 1250/ | 500/- |
| 15 | വി ഗാർഡ് സെക്യൂരിറ്റി സർവ്വീസ് | 2/575 | 450/- | 1250/ | 800 |
| 16 | സിറ്റിമാൻ ടെലലറിംഗ് ഷോപ്പ് | 2/663 | 300/- | 1250/ | 950 |
| 17 | എൻ.കെ ട്രേഡ്സ് മണ്ണാർക്കാട് | 2/667 | 600/- | 1250/ | 650 |
| 18 | ഹോം സ്ററെൽ കർട്ടൻ സ്റ്റിച്ചിംഗ് | 2/679 | 300 | 1250/ | 950 |
| 19 | മാർക്ക് കരിയർ ഗൈഡൻസ് | -- | 1000 | 1250/ | 250/ |
| 20 | ഹോട്ടൽ ചില്ലീസ് | 2/820,821 | 1000 | 1250/ | 250 |
| 21 | ആയിഷ സിൽക്ക്സ് | 2/453 | 750 | 1250/ | 500 |
| 22 | ജെ.ജെ.അസോസിയേറ്റ്സ് | 2/995(2) | 750 | 1250/ | 500 |
| 23 | കെ.എച്ച് ഡെക്കറേഷൻ | 3/195 | 600/- | 1250/ | 650 |
| 24 | പ്രശാന്തി ആയുർവേദിക് ക്ലിനിക്ക് | 3/197 | 1000/- | 1250/ | 250 |
| 25 | എം.ഡി.സി ലാബ് ഡയഗ്നോസ്റ്റിക്ക്സ്. | 3/218,219 | 750 | 1250/ | 500 |

ആയതിനാൽ 1391 സ്ഥാപനങ്ങളിൽ നിന്ന് ശരാശരി 500 രൂ. വീതം നഷ്ടം കണക്കാക്കിയാൽ പോലും ഏറ്റവും ചുരുങ്ങിയത് 695500രൂ. ഈ ഇനത്തിൽ മാത്രം നഷ്ടം സംഭവിക്കുന്നു. ഇതു സംബന്ധിച്ച എൻക്വയറിക്ക് നൽകിയ വിശദീകരണത്തിൽ (10-27.01.2023) നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ നാളിതുവരെയായിട്ടും നഗരസഭ പ്രദേശത്തുനിന്നും വ്യപാര സ്ഥാപനങ്ങളിൽ നിന്നും ചട്ടം 3(2) പ്രകാരമുള്ള നികുതി പിരിച്ചെടുക്കാൻ കഴിയാത്തത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. ആയതിനാൽ നികുതി ദ്രുതഗതിയിൽ കർശനമായി പിരിച്ചെടുത്ത് നഗരസഭയിൽ അടവാക്കത്തപക്ഷം സെക്രട്ടറിയ്ക്ക് മേൽ ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

**1-16 നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ**

നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. റെഗുലറൈസേഷൻ നടത്തിയ കെട്ടിടത്തിന്റെ വിവരങ്ങൾ ബിൽഡിംഗ് പെർമിറ്റ് അപ്ലിക്കേഷൻ രജിസ്റ്ററിലാണ് എഴുതുന്നത്. 2021-22വർഷത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരം- **265644/-രൂപ** റഗുലറൈസേഷൻ ഫീയിനത്തിൽ വരവുണ്ട്. ഇതിൽ നിന്നു തന്നെ സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും നഗരസഭ പ്രദേശത്ത് നടക്കുന്നത് എന്ന് വ്യക്തമാണ്. ഇതു സംബന്ധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ക്രമവത്ക്കരണം നടത്തിയ ഗാർഹികം/ഗാർഹികേതരം കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

2) ഫീൽഡ് പരിശോധനകൾ നടത്തി അനുമതി കൂടാതെ നഗരസഭ പ്രദേശത്ത് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3)നഗരസഭയിൽ വാണിജ്യാവശ്യത്തിന് കെട്ടിടം പണിയുന്നതിനും/വാസഗൃഹത്തിനുവേണ്ടിയും പ്ലോട്ട് ലേഔട്ട് ചെയ്യുന്നതിന് ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടില്ല.

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(42-30.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ നഗരസഭ പരിധിയിൽ യാതൊരു നിർമ്മാണ പ്രവൃത്തികളും നടത്താൻ പാടില്ലെന്ന് കേരള മുൻസിപ്പാലിറ്റി രാജ് നിയമം/ ചട്ടങ്ങൾ, കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം പെർമിറ്റ് കൂടാതെ നടക്കുന്ന അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രമാവും [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്.

രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിച്ച് ക്രമവത്ക്കരണം നടത്തുന്ന വിവരങ്ങൾ ശേഖരിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കേണ്ടതും, നിയമപ്രകാരം തടയേണ്ട പ്രവർത്തനങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കാതെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലേലം നടത്തി

മണ്ണാർക്കാട് നഗരസഭ ബസ് സ്റ്റാൻഡിൽ ഭാഗികമായി നിർമ്മാണം പൂർത്തിയായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ താഴത്തെ നിലയിൽ 6 കടമുറികളും മുകളിലത്തെ നിലയിൽ 7 കടമുറികളും ഉൾപ്പെടെ 13 കടമുറികൾക്ക് ( കെട്ടിട നമ്പർ 3/410(1) മുതൽ 3/410(13) വരെ)പി.ഡബ്ല്യൂ. നിരക്കിൽ വാടകനിശ്ചയിച്ച് ബൈലോ തയ്യാറാക്കി. 08.12.2021 ന് 12 കടമുറികളെ ലേലം നടത്തി. ലേലതുകയുടെ 50% ലേലം കൊണ്ട വ്യക്തികൾ അടവാക്കിയിട്ടുണ്ട്. എന്നാൽ ലേലം കൊണ്ട വ്യക്തികൾ കടമുറികൾക്ക് ഇടഭിത്തി നിർമ്മിച്ചു നൽകുകയോ, പാരപെറ്റ് നിർമ്മിക്കുകയോ , അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയോ, ചെയ്യാത്തതിനാൽ വ്യാപാര ലേല ദിവസം കെട്ടിവച്ച 50% തുക തിരികെ ആവശ്യപ്പെട്ട് നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (40-29.01.2023) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താതെ ഭാഗികമായി പണിപൂർത്തിയായ കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് തെരഞ്ഞെടുത്ത് ലേലത്തിന് തയ്യാറായത് ശരിയായ നടപടിക്രമമല്ല.

ഒരു വർഷ കാലമായിട്ടും കെട്ടിടത്തിൽ പണികൾ പൂർത്തിയാകാതെ കിടക്കുന്നതുമൂലം വാടക ഇനത്തിൽ ലഭിക്കേണ്ട തുകൾ ലഭിക്കാതെ ഇരിക്കുന്നതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിരിക്കുന്നു.

ലേലത്തിൽ ലഭിച്ച 45,15,000/-രൂപ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനു ഉപയോഗിച്ചിട്ടില്ല.

മേൽ പരാമർശിച്ച വിഷയങ്ങൾ ഗൗരവമായി പരിഗണിച്ച് പാഴ്ചെലവ് ഉണ്ടാകതെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

### 1-18 വിവിധ സ്ഥലങ്ങളിൽ സിസി ടിവി ക്യാമറ സ്ഥാപിക്കൽ- ക്യമാറ സ്ഥാപിച്ചെങ്കിലും തുടർ നിരീക്ഷണങ്ങൾ നടത്തിയില്ല.

പ്രൊജക്ട് നം.394/22

അടങ്കൽ-200000(തനത് ഫണ്ട്)

ചെലവ് -180208/-(വൗച്ചർ നം. 22101132/31.3.22)

2 പോർട്ടബിൾ ക്യാമറകൾ സ്ഥാപിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി നിസ്ഡൻ ഇൻഫോവേ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. രണ്ട് ക്യാമറകളും അനുബന്ധ ഉപകരണങ്ങളുമാണ് സ്ഥാപിച്ചിട്ടുള്ളത് (എം.ബി നം.72/2020-21). പി ഡബ്ല്യുഡി ഇലക്ട്രിക്കൽ എക്സി. എഞ്ചിനീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

- 2019-20 വർഷത്തിൽ ആവിഷ്കരിച്ച് 4.10.2019 തീയതിയിൽ എഗ്രിമെന്റ് ചെയ്ത പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നത് 2021-22 വർഷത്തിൽ മാത്രമാണ്.
- സിസി ടിവി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പ്രകാരം മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസ് പരിസരത്തും കൊന്നക്കോട് റോഡ് പരിസരത്തായുമാണ് സ്ഥാപിച്ചിട്ടുള്ളത്. പോർട്ടബിൾ ക്യാമറയാണെങ്കിലും ഇത് സ്ഥാപിച്ചതിനുശേഷം നാളിതുവരെ മാറ്റി സ്ഥാപിക്കുകയുണ്ടായിട്ടില്ല.
- ക്യാമറയിലെ ഡാറ്റ പരിശോധിക്കുന്നതിനും വിവരങ്ങൾ ബാക്ക്അപ് ചെയ്ത് സൂക്ഷിക്കുന്നതിനും ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. നാളിതുവരെയായി ഈ ക്യാമറയിൽ നിന്നുള്ള ദൃശ്യങ്ങൾ ശേഖരിക്കുകയോ സൂക്ഷിക്കുകയോ ചെയ്തതിന് യാതൊരു രേഖകളുമില്ല.
- ക്യാമറകളുടെ റീചാർജ്ജിംഗ് പ്രതിമാസം ചെയ്യേണ്ടതാണെന്ന് ടെക്നിക്കൽ അസിസ്റ്റന്റ് 24.8.22 തീയതിയിൽ ഫയലിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ റീചാർജ്ജിംഗിന് JHI ശ്രീ സിദ്ദിഖിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. എന്നാൽ റീചാർജ്ജ് ചെയ്ത് ക്യാമറ പ്രവർത്തനസജ്ജമാക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല
- ക്യാമറ സ്ഥാപിച്ച സ്ഥാപനവുമായി ചമച്ച എഗ്രിമെന്റിൽ വാറണ്ടി സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. വാറന്റി ഉറപ്പുവരുത്താത്ത സാഹചര്യത്തിൽ തുടർവർഷങ്ങളിൽ മെയിന്റനൻസ് ആവശ്യമായി വരുകയോ സി.സി.ടി.വി സംവിധാനം പ്രവർത്തനരഹിതമാകുകയോ ചെയ്താൽ നഗരസഭക്ക് നിയമാനുസൃതം നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.
- ക്യാമറ സ്ഥാപിച്ചതിനുശേഷം മാലിന്യം നിക്ഷേപിക്കുന്നതിന്റെ ദൃശ്യങ്ങൾ കണ്ടെത്തിയതിന്റെ യാതൊരു രേഖകളും ഇല്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/25.1.2023) ഡാറ്റ പരിശോധിക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചെങ്കിലും അത്തരത്തിൽ ചുമതലപ്പെടുത്തിയതായി ഫയലിൽ കണ്ടില്ല. റീചാർജിംഗിന് തുടർനടപടി സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കി. സ്ഥാപിച്ച ക്യാമറകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-19 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം-സെക്രട്ടറി

മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിക്കായി താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 62/22 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും മാറ്റലും | 22101054/26.3.22 | 225000 | വാട്ടർ അതോറിറ്റി (അക്കൗണ്ട് നം. 67150213827) |
| 2 | 84/22 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 221010552/26.3.22 | 600000 | വാട്ടർ അതോറിറ്റി (അക്കൗണ്ട് നം. 67150213827) |
| 3 | 58/22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റലും | 22100911/14.2.22 | 350000 | കെ എസ് ഇ ബി,മണ്ണാർക്കാട് |

സ.ഉ (കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2.(3) ഡി.li പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ കരാർ ചമച്ചതായി കാണുന്നില്ല. മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23.1.23) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* പ്രവൃത്തികളുടെ സമയ ബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

* പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുമാത്രം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകേണ്ടതാണ്.

## 1-20 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കിയതിനൊപ്പം പിഴ ഒടുക്കി

കെ.എസ്.ഇ.ബി, മണ്ണാർക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് (കൺസ്യൂമർ നം.1165206021972) അടവാക്കിയതിൽ പിഴ തുക കൂടി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം | തുക | ഇൻവോയ്സ് നം. | ബിൽ കാലയളവ് | വൈദ്യുതി ചാർജ്ജ് | പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 22100029/12.4.21 | 560758 | 6520210410564/8.4.21 | 3/21 | 559470 | 1288 |
| 2 | 22100422/31.8.21 | 559838 | 6520210804228/3.8.21 | 7/21 | 559470 | 368 |
| 3 | 22100491/13.9.21 | 562781 | 6520210904407/3.9.21 | 8/21 | 559470 | 3311 |
| 4 | 22100982/4.3.22 | 561491 | 65202220304019/3.3.22 | 2/22 | 559470 | 2024 |
| 5 | 22100715/14.12.21 | 563885 | 6520211207424/4.12.21 | 11/21 | 559470 | 4415 |
| ആകെ | | | | | | 11406 |

നഗരസഭയുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതും, എല്ലാ മാസവും ആവർത്തിച്ചുവരുന്നതുമാണ് വൈദ്യുതി ചാർജ്ജ് അടവാക്കൽ. തനതു ഫണ്ടിൽ മതിയായ തുക നീക്കിയിരുപ്പ് ഉണ്ടായിരിക്കെ പിഴ അടവാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/27.1.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. നഷ്ടതുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-21 കെൽ എന്ന സ്ഥാപനത്തിൽ നിന്നും മാർഗ്ഗനിർദ്ദേശം പാലിക്കാതെ മിനി മാസ്റ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കി**

1)പ്രൊ.നം. 86/22- നാഷണൽ ഹൈവേയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ

ആകെ അടങ്കൽ-26760000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-2176000, തനത് ഫണ്ട്-500000/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് : 2176000

| വൗച്ചർ നം | തുക | ഇൻവോയിസ് നം. |
|---|---|---|
| 22101075/30.3.22, ചെക്ക് നം. 392377/30.3.22 | 2176000 | 733/31.3.22 |

'കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി.' എന്ന സ്ഥാപനത്തിൽ നിന്നും 'സിൽക്ക്' എന്ന സ്ഥാപനത്തിൽ നിന്നും 7 മീ. പോളിൽ 120W*2 എൽ.ഇ.ഡി മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ജി2(എസ്.ഒ)-86/2021-22,തീ.9.2.22 പ്രകാരം ഓഫർ ലെറ്റർ ലഭ്യമാക്കിയിട്ടുണ്ട്. KEL ലഭ്യമാക്കിയ ഓഫർ ലെറ്ററിൽ 7 മീ. ഉയരമുള്ള 27 പോളുകളിൽ 2 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 2669900/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 24.5.22ലെ പർച്ചേസ് കമ്മറ്റിയുടെ 2ാം നം. തീരുമാനപ്രകാരം കെൽ എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 28.2.22 തിയതിയിലെ 31 നമ്പർ തീരുമാനപ്രകാരം "KEL" എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജി2-(എസ് ഒ)86/2021-22 തീയതി 10.3.22 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ആയത് പ്രകാരം മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം ₹.98885/- നിരക്കിൽ 27 പോളുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു.

2)പ്രൊ.നം. 403/22- എം ഇ എസ് കോളേജ് മുതൽ നൊട്ടമല വരെ ഹൈവേയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ( സ്പിൽ ഓവർ)

ആകെ അടങ്കൽ-500000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് : 494600

| വൗച്ചർ നം | തുക | ഇൻവോയിസ് |
|---|---|---|

| | | |
|---|---|---|
| | | നം. |
| ട്രഷറി ബിൽ നം. 49/27.3.22 | 494600 | 481/23.3.22 |

'കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി.' എന്ന സ്ഥാപനത്തിൽ നിന്നും 'സിൽക്ക്' എന്ന സ്ഥാപനത്തിൽ നിന്നും 7 മീ. പോളിൽ 120W*2 എൽ.ഇ.ഡി മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ജി2(എസ്.ഒ)-86/2021-22,തീ.14.2.22 പ്രകാരം ഓഫർ ലെറ്റർ ലഭ്യമാക്കിയിട്ടുണ്ട്. KEL ലഭ്യമാക്കിയ ഓഫർ ലെറ്ററിൽ 7 മീ. ഉയരമുള്ള 27 പോളുകളിൽ 2 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 494600/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 24.2.22ലെ പർച്ചേസ് കമ്മറ്റിയുടെ 5ാം നം. തീരുമാനപ്രകാരം കെൽ എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 28.2.22 തിയതിയിലെ 35 നമ്പർ തീരുമാനപ്രകാരം "KEL" എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജി2-(എസ് ഒ)403/2021-22 തീയതി 10.3.22 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം 500000രൂപയിലധികം തുക അടങ്കലായുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ ചെയ്യണമെന്ന നിബന്ധന പാലിക്കാതെ മേൽപ്പറഞ്ഞ സ്ഥാപനം മുഖേന മിനി മാസ്റ്റ് ലൈറ്റ് നേരിട്ട് സ്ഥാപിച്ചു.

ബി)കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. എന്ന സ്ഥാപനത്തിന് നേരിട്ട് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ നിരക്ക് അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

സി)04-07-2019ലെ G.O.(P)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 33 പ്രകാരം KEL എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് ജനറൽ കൺസ്ട്രക്ഷൻ എന്നിവയിൽ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. KEL എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KEL ന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു. PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള KEL എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കണം

ഡി) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് നം.HD/489/2018തീയതി 26.6.2018 പ്രകാരം 10 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവർത്തികളുടെ ചെക്ക് മെഷർമെന്റ് ബില്ലുകൾക്ക് അനുമതി നൽകൽ എന്നിവക്ക് ജില്ലാതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ

വാല്വേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഇ)മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതായി കെ എസ് ഇ ബിയോ വാർഡ് മെമ്പർമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

എഫ്) കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018 മുതൽ മരാമത്ത് പ്രവർത്തികൾക്കും സേവനങ്ങൾക്കും എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000 രൂപയ്ക്കും 1 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്ക് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് 200 രൂപയുടെ മുദ്രപ്പത്രത്തിലാണ്. മുദ്രപ്പത്രത്തിന്റെ മൂല്യത്തിൽ കുറവ് നിലനിൽക്കുന്നു.

ജി) മിനി മാസ്റ്റ് ലൈറ്റ് തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററില് രേഖപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ലൈറ്റുകളുടെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/26.1.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-22 വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-സിൽക്ക് എന്ന സ്ഥാപനം മുഖേന നേരിട്ട് നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മിനി മാസ്റ്റ് സ്ഥാപിക്കുന്നതിന് സിൽക്ക് എന്ന ഏജൻസി മുഖേന താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

1)പ്രൊ.നം. 401/22 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ആകെ അടങ്കൽ-1100000/-( ധനകാര്യകമ്മീഷൻ ഗ്രാന്റ്-800000/- തനത് ഫണ്ട്-300000/-)

ചെലവ് : 1092509/-

| വൗച്ചർ നം | തുക | ഇൻവോയിസ് നം. | മിനി മാസ്റ്റിന്റെ എണ്ണം |
|---|---|---|---|
| ട്രഷറി ബിൽ നം.13/23.11.21 | 794552/- | സി.ഡി/ 20-21/ആർ/ 272/26.3.21 | 8 |
| 22100587/5.10.21 | 297957/- | സി.ഡി/ 20-21/ആർ/ 277/26.3.21 | 3 |

2)പ്രൊ.നം. 402/22-16ാം വിവിധ വാർഡുകളിലെ എസ് സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ആകെ അടങ്കൽ-1600000, (വികസനഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് : 1589104

| വൗച്ചർ നം | തുക | ഇൻവോയിസ് നം. | മിനി മാസ്റ്റിന്റെ എണ്ണം |
|---|---|---|---|
| ട്രഷറി | 1589104/ | സി.ഡി/ | 16 |

| | | | |
|---|---|---|---|
| ബിൽ നം. 6/28.7.21 | - | 20-21/ആർ/ 273/26.3.21 | |

മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കും സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലി. എന്ന സ്ഥാപനത്തിൽ നിന്നും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് SILK/FUO/MKT/2020-2164/11.7.20 പ്രകാരം ഓഫർ ലെറ്റർ ലഭ്യമാക്കിയിട്ടുണ്ട്. ഓഫർ ലെറ്ററിൽ 8 മീ. ഉയരമുള്ള ഒരു പോളിൽ 3 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 99319/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 11.9.20 തിയതിയിലെ 13 നമ്പർ തീരുമാനപ്രകാരം ഭരണ സമിതി "SILK" ൽനിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എ2-8524/2020 തീയതി 30.9.20 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം 500000രൂപയിലധികം തുക അടങ്കലായുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ ചെയ്യണമെന്ന നിബന്ധന പാലിക്കാതെ മേൽപ്പറഞ്ഞ സ്ഥാപനം മുഖേന മിനി മാസ്റ്റ് ലൈറ്റ് നേരിട്ട് സ്ഥാപിച്ചു.

ബി)സിൽക്ക് എന്ന സ്ഥാപനത്തിന് നേരിട്ട് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ നിരക്ക് അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

സി)04-07-2019ലെ G.O.(P)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 33 പ്രകാരം സിൽക്ക് എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് ജനറൽ കൺസ്ട്രക്ഷൻ എന്നിവയിൽ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. സിൽക്ക് എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ സിൽക്ക് ന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് അർഹതയില്ല എന്ന് വിലയിരുത്തുന്നു. PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സിൽക്ക് എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കണം

ഡി) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് നം.HD/489/2018തീയതി 26.6.2018 പ്രകാരം 10 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവർത്തികളുടെ ചെക്ക് മെഷർമെന്റ് ബില്ലുകൾക്ക് അനുമതി നൽകൽ എന്നിവക്ക് ജില്ലാതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വാല്വേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഇ)മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഇല്ല.

എഫ്) കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018 മുതൽ മരാമത്ത് പ്രവർത്തികൾക്കും

സേവനങ്ങൾക്കും എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000 രൂപയ്ക്കും 1 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്ക് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് 200 രൂപയുടെ മുദ്രപ്പത്രത്തിലാണ്. മുദ്രപ്പത്രത്തിന്റെ മൂല്യത്തിൽ കുറവ് നിലനിൽക്കുന്നു

ജി) മിനി മാസ്റ്റ് ലൈറ്റ് തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈറ്റുകളുടെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/26.1.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-23 മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.**

ശ്രീ.ശ്രീരാഗ്, എം.എസ് മുൻസിപ്പൽ സെക്രട്ടറിക്ക് അനുവദിച്ച ക്വാർട്ടേഴ്സിന്റെ വാടകയായി താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം. തീയതി | ചെക്ക് നം. | തുക | തുക അനുവദിച്ച വ്യക്തിയുടെ പേര് |
|---|---|---|---|
| 22100042/17.04.21 | 861362/17.4.21 | 6500 | മോഹനൻ.പി |
| 22100123/21.05.21 | 861388/21.5.21 | 6500 | മോഹനൻ.പി |
| 22100211/22.06.21 | 661950/22.6.21 | 6500 | മോഹനൻ.പി |
| 22100335/26.07.21 | 661930/26.7.21 | 6500 | മോഹനൻ.പി |
| 22100394/5.08.21 | 661938/5.8.21 | 8000 | രാജകുമാരൻ |
| 22100449/2.09.21 | 861406/2.9.21 | 8000 | രാജകുമാരൻ |
| ആകെ | | 42000 | |

സ.ഉ(പി) നം.27/2021/ഫിൻ.തീയതി 10.02.2021 പ്രകാരമുള്ള 11-ാം ശമ്പളപരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറി സ്പാർക്ക് മുഖാന്തിരം ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരനായതിനാൽ മറ്റു റഗുലർ ജീവനക്കാരുടെ എസ്റ്റാബ്ലിഷ് മെന്റ് ബില്ലിൽ ഉൾപ്പെടുന്നില്ല. 2021ഓഗസ്റ്റ് മാസത്തെ ശമ്പളബിൽ ലഭ്യമാക്കിയതിൽ 1500/- ( ശമ്പളസ്കെയിൽ 55200-115300 പ്രകാരം) രൂപ വീട്ടുവാടകയിനത്തിൽ കൈപ്പറ്റിയിട്ടുണ്ട്.

50200-105300 എന്ന ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഉള്ളവർ ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ടെങ്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 2 % തുക റെന്റ് റിക്കവറിയായി ഈടാക്കേണ്ടതാണ്. അത്തരത്തിൽ റെന്റ് റിക്കവറി നടത്തിയിട്ടില്ല.

മേൽപ്പറഞ്ഞ കാലയളവിലെ സെക്രട്ടറിയുടെ വീട്ടു വാടക ബത്ത കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/28.1.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. എച്ച്.ആർ.എ എല്ലാ മാസവും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

**1-24 അങ്കണവാടി പോഷകാഹാരവിതരണം- ന്യൂട്രിമിക്സ് ബില്ലിൽ നിന്നും ജി എസ് ടി – ടി.ഡി.എസ് നടത്തിയില്ല**

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണ പ്രൊജക്ടുകൾ പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി എസ് ടി – ടി.ഡി.എസ്

നടത്തിയിട്ടില്ലെന്ന് കണ്ടെത്തി.

പ്രൊജക്റ്റിന്റെ വിശദാംശം

| | |
|---|---|
| പ്രൊജക്റ്റ് | 42/22-അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 36,00,000<br>21,00,000(പൊതുവിഭാഗം<br>1500000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 3220640<br>2098827(പൊതുവിഭാഗം)<br>1121813(കേന്ദ്രാവിഷ്കൃതം) |

| സ്ഥാപനത്തിന് തുക നൽകിയ ബിൽ നം/ചെക്ക് നം., തീയതി | തുക |
|---|---|
| 1/30-9-21 | 1411561 |
| 7/22-2-22 | 66300 |
| 150/21.2.22 | 477000 |
| 170/10-3-22 | 617819 |
| 253/25.3.22 | 503994 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ14.9.2018ലെ സർക്കുലർ നം.65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം. നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ അമൃതം ഫുഡ്സ്, കുടുംബശ്രീ യൂണിറ്റ് തച്ചമ്പാറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് അങ്കണവാടികൾക്കാവശ്യമായ ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സ്ഥാപനം സമർപ്പിച്ച ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. നിയമാനുസൃതമുള്ള ജി.എസ്.ടി കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/23.1.2023) സ്ഥാപനം 2021-22 വർഷത്തിൽ ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്നും നിലവിൽ ജി എസ്.ടി- ടി.ഡി.എസ് നടത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനം ജി എസ് ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതും വരും വർഷങ്ങളിലെ എല്ലാ ബില്ലുകളിൽ നിന്നും ജി എസ്.ടി- ടി.ഡി.എസ് നടത്തേണ്ടതുമാണ്.

**1-25 കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പ്രഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർഥിനികൾക്ക് ലാപ്ടോപ് നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ**

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പ്രഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർഥിനികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി സ്പിൽ ഓവർ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ചെക്ക് നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|
| S0380/22, സ്പിൽ ഓവർ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പ്രഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർഥിനികൾക്ക് ലാപ്ടോപ്പ് നൽകൽ | 427922/- തനത് ഫണ്ട് (എസ്.സി) | 54458/- | 6004892 12.11.2021 | തിരുവനന്തപുരം കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. |

2019 -2020 വർഷത്തിൽ ആരംഭിച്ച പ്രോജക്ടിൽ 10 അപേക്ഷകൾ ലഭിച്ചതിൽ 8 വിദ്യാർഥിനികൾക്ക് ലാപ്ടോപ്പ് അനുവദിച്ചു. 2 വിദ്യാർഥിനികളുടെ അപേക്ഷകൾ അപൂർണ്ണമായതിനാൽ സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തുകയുണ്ടായി.

2021-2022വർഷത്തിൽ രണ്ട് ലാപ്ടോപ്പ് അനുവദിക്കുന്നതിന് തിരുവനന്തപുരം കെൽട്രോൺ എന്ന സ്ഥാപനത്തിന് 12.11.2021തീയതിയിൽ 54458/- രൂപ നൽകുകയുണ്ടായി. എന്നാൽ സമയബന്ധിതമായി കെൽട്രോൺ ലാപ്ടോപ്പ് അനുവദിച്ചില്ല. അതിനുശേഷം തുക അധികം ആവശ്യപ്പെടുകയും 07.10.2022 ന് 18630/- രൂപ അധികമായി അനുവദിക്കുകയും ചെയ്തു.

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റ് വിലയിരുത്തുന്നു.

1. ലാപ്ടോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി തിരുവനന്തപുരം കെൽട്രോണുമായി കരാർ ഒപ്പു വെച്ചിട്ടില്ല. ഇൻവോയ്സ് പ്രകാരം ആദ്യം രേഖപ്പെടുത്തിയ തുകയേക്കാൾ ( 27229/- രൂപയാണ് രെണ്ണത്തിന് ആദ്യം നിശ്ചയിച്ചിരുന്നത് ) അധികരിച്ച് (നൽകിയത് 36544/- രൂപ വീതം) തുക കൈപ്പറ്റുകയുണ്ടായി.

2. വികസന ഫണ്ടിൽ 427922/- രൂപ വകയിരുത്തിയതിൽ 181624/- രൂപ ചിലവഴിച്ചിട്ടുണ്ട്. എന്നാൽ തൻ വർഷം വികസനഫണ്ടിൽ നിന്നും ബാക്കി തുക ചെലവ് നടത്തിയിട്ടില്ല . എന്നാൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

3. തനത് ഫണ്ടിൽ വകയിരുത്തിയ തുക 38902/- രൂപയാണ്. അതിനേക്കാൾ അധികമായി തുക ചിലവഴിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 3 ) തുക അടവാക്കിയതിനുശേഷം വിലയിൽ മാറ്റം വന്നതിനാൽ അടവാക്കിയ വിലയ്ക്ക് ലാപ്ടോപ്പ് നൽകാൻ കഴിയുകയില്ലെന്ന് കെൽട്രോൺ അറിയിച്ചതനുസരിച്ച് കൗൺസിൽ തീരുമാനപ്രകാരം 18630/- രൂപ അധികമായി അനുവദിക്കുകയുണ്ടായി എന്നാണ് മറുപടി നൽകിയത്.

## 1-26 വാട്ടർ അതോറിറ്റി മുഖേനയുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക-അപാകതകൾ

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന 137 പൊതുടാപ്പുകൾക്കുള്ള തുക ടാപ്പൊന്നിന് 8278.2 രൂപ പ്രകാരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ടായിരുന്നു. ആയത് പ്രകാരം പ്രതിമാസം അടവാക്കേണ്ട ചാർജ് 94507//- രൂപയാണ്. എന്നാൽ ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെയുള്ള കാലയളവിൽ നഗരസഭ ഈ തുക എല്ലാ മാസവും അടവാക്കുന്നുണ്ട്. ഈ കാലയളവിലെല്ലാം വാട്ടർ അതോറിറ്റി ഓരോ മാസത്തെയും ഡിമാന്റിനോടൊപ്പം കുടിശ്ശികതുകയും പിഴയും ഡിമാന്റ് ചെയ്തിരിക്കുന്നു.

2022 ഫെബ്രുവരി മാസത്തെ ബിൽ (ബിൽ നം.60481/11.2.2022) പ്രകാരം തൻമാസത്തെ ഡിമാന്റ് തുക 94507/- രൂപ കൂടാതെ 556789/- രൂപ കുടിശ്ശികയും 10922/- രൂപ പിഴയും അടവാക്കാനുണ്ടെന്ന് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്.

ഏപ്രിൽ 2022 മാസത്തെ ഡിമാന്റ് താഴെപ്പറയും പ്രകാരമാണ്

കുടിശ്ശിക-576957/-

ഫൈൻ-11354/-

തൻമാസത്തെ ഡിമാന്റ്-99234/-(8692/- പ്രകാരം)

ആകെ-687545/-

- പ്രസ്തുത അരിയർ തുകകൾ വാർഷികകണക്കിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല
- ഈ കുടിശ്ശിക ഏത് കാലയളവിലുള്ളതാണെന്നും കുടിശ്ശിക ഉണ്ടാവാനുള്ള കാരണവും വ്യക്തമല്ല.
- വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്തപരിശോധനയുടെ റിപ്പോർട്ട്, ആയതിന്റെ അടിസ്ഥാനത്തിലുള്ള വാർഡ് തലത്തിലുള്ള പൊതു ടാപ്പുകളുടെ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.
- പൊതുടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നതിനായി ഓഡിറ്റ് കാലയളവിൽ ഗുണഭോക്താക്കൾക്ക് ഗാർഹികകണക്ഷൻ നൽകുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

22/8/2022 തീയതിയിലെ നം.എ1/14772/17 കത്ത് പ്രകാരം ഡിമാന്റ് നോട്ടീസിൽ കുടിശ്ശികയും പിഴയും ഡിമാന്റ് ചെയ്തത് സംബന്ധിച്ച് ഈ നഗരസഭയിൽ നിന്നും നാളിതുവരെ കുടിശ്ശിക വരുത്തിയിട്ടില്ലാത്തതാണെന്നും കുടിശ്ശികയും പിഴപ്പലിശയും ഒഴിവാക്കിനൽകണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി തുടർന്നും കുടിശ്ശിക ഡിമാന്റ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

ഈ കുടിശ്ശിക ഏത് കാലയളവിലുള്ളതാണെന്നും കുടിശ്ശിക ഉണ്ടാവാനുള്ള കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/27.1.2023) മറുപടി ലഭ്യമാക്കിയില്ല.

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുക സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് കുടിശ്ശിക തുക ക്രമീകരിക്കേണ്ടതും പൊതുടാപ്പുകൾ കുറവ് ചെയ്യുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-27 മുൻകൂറായി നൽകുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ വിവരം, ക്രമീകരിക്കുവാൻ ബാക്കിയുള്ളവയുടെ വിവരം എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല. മുൻവർഷങ്ങളിൽ നൽകിയിട്ടുള്ളതും ക്രമീകരിക്കാതെ ബാക്കിനിൽപുള്ളതുമായ അഡ്വാൻസ് വിവരങ്ങൾ 2021-22 വർഷത്തേക്ക് ക്യാരിഓവർ ചെയ്തിട്ടില്ല.

2021-22 വർഷത്തിൽ നൽകിയ താഴെ പറയുന്ന അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിച്ചതായി

കാണുന്നില്ല.

| ക്രമ നം. | വൗച്ചർ നം./ തീയതി | ഉദ്ദേശം | നൽകിയത് | തുക | ഫയൽ നം. |
|---|---|---|---|---|---|
| 1 | 22100045/20.4.21 | മോട്ടോർ റിപ്പയർ | സിദ്ദീക്ക് .സി | 8000 | എച്ച്1/5462/21 |
| 2 | 22100045/20.4.21 | ജനകീയ ഹോട്ടൽ നടത്തിപ്പ് | പി.ഡബ്ല്യു.1 | 100000 | പി.എച്ച്1-4475/20 |
| 3 | 22100172/1.6.21 | | അബൂബക്കർ.എം.HI | 3500 | പി.എച്ച്1-11920/19 |
| 4 | 22100274/7.7.21 | ആന്റിജൻ ടെസ്റ്റ് കിറ്റ് | മെഡിക്കൽ ഓഫീസർ | 110000 | A1/4475/20 |
| 5 | 22100304/13.7.21 | ബാത്ത് റൂം റിപ്പയർ | വിധു.പി, പി.ഡബ്ല്യു.ഒ | 1200 | PW1/6789/21 |
| 6 | 22100309/16.7.21 | ജനകീയ ഹോട്ടൽ നടത്തിപ്പ് | മുഹമ്മദ് അൻസാർ | 100000 | PW1/20/21 |
| 7 | 22100393/5.8.21 | ട്രീ കട്ടിംഗ് | ഷഫീഖ്.സി | 5000 | എച്ച്1-6101/21 |
| 8 | 22100039/16.4.21 | കിണർ ക്ലീനിംഗ് | വിധു.പി | 9500 | PW1/4492/21 |
| 9 | 22100120/17.5.21 | കമ്മ്യൂണിറ്റി കിച്ചൺ | ഡിൻസീന.കെ | 50000 | എച്ച്1/4476/20 |
| 10 | 22100124/21.5.21 | ജനകീയ ഹോട്ടൽ | മുഹമ്മദ് അൻസാർ, ഓവർസിയർ ഗ്രേഡ്-1 | 100000 | - |
| 11 | 22100181/16.6.21 | കമ്മ്യൂണിറ്റി കിച്ചൺ | മെമ്പർ സെക്രട്ടറി, സി.ഡി.എസ് | 50000 | എച്ച്1/4476/20 |

അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ വിവരം/രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 29/27.1.2023) മറുപടി/ രേഖകൾ ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ അഡ്വാൻസുകൾ ക്രമീകരിക്കാത്ത പക്ഷം സർക്കാർ ഉത്തരവ് (പി)419/2011 ധനം തീയതി:04.10.2011 പ്രകാരം 18% പലിശ സഹിതം മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 വാഹനത്തിന്റെ ഉപയോഗം- രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

താഴെപ്പറയുന്ന വാഹനങ്ങളാണ് നഗരസഭയുടെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്

| വാഹന നമ്പർ | ഉപയോഗം |
|---|---|
| KL50-5093 | സെക്രട്ടറി-മഹീന്ദ്ര മാക്സ് |
| KL50F-1598 | ചെയർമാൻ വാഹനം(ഇന്നോവ) |
| KL50G-9370 | മുനിസിപ്പൽ എഞ്ചിനീയർ |

| | |
|---|---|
| | (മഹീന്ദ്ര ബൊലേറോ) |
| KL50K-4880 | ഖരമാലിന്യ സംസ്കരണം(മാരുതി സൂപ്പർ കാരിയർ) |

2021-22 വർഷത്തിൽ വാഹനങ്ങളുടെ പരിപാലനത്തിനായി 92317/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഡീസൽ ചാർജിനത്തിൽ ചെലവഴിച്ച തുക 'Miscellaneous Administration Expence' എന്ന ഹെഡിൽ രേഖപ്പെടുത്തിയത് മൂലം കൃത്യമായി ചെലവ് തുക കണ്ടെത്താൻ കഴിയുന്നില്ല. ഡീസൽ ചാർജിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്

വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധന ഉപയോഗത്തിന്റെ അളവ് കാര്യമായി വർദ്ധിക്കുന്ന പക്ഷം ഉപയോഗക്ഷമത പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിശ്ചിത ഇടവേളകളിൽ സർവ്വീസിംഗ് നടത്തേണ്ടതാണെന്നും മാർഗ്ഗനിർദ്ദേശമുണ്ട്. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതുകയോ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുകയോ ചെയ്തിട്ടില്ല. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനങ്ങളുടെ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യമായി നടത്തുന്നില്ല എന്ന് ബോധ്യപ്പെട്ടു.

ഫ്യൂവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

വാഹന പുക ടെസ്റ്റ്

വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

പ്രധാന രേഖകളുടെ സൂക്ഷിപ്പ്

ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചിയിച്ചിട്ടുള്ള മാതൃകയിൽ ഓരോ വാഹനത്തിന്റേയും വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് Kerala Municipality (Use And Maintenance Of Motor Vehicles) Rules2000, ജി.ഒ. (എം.എസ് )170 / 07 തീയതി 30.06.2007, സർക്കുലർ നം 41/2008/ധനം.തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് മേൽപ്പറഞ്ഞ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/28.1.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരമുള്ള എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്.

**1-29 തെരുവ് വിളക്ക് പരിപാലനം സംയുക്ത പരിശോധന നടത്തിയിട്ടില്ല**

നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കുകൾ നഗരസഭയിൽ ഇല്ല.

മണ്ണാർക്കാട്, കുമരംപുത്തൂർ എന്നീ രണ്ട് ഇലക്ട്രിക് സെക്ഷനുകളിലായാണ് നഗരസഭയിലെ തെരുവ് വിളക്കുകൾ സ്ഥിതിചെയ്യുന്നത്. നഗരസഭയിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് നിലവില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

മണ്ണാർക്കാട് സെക്ഷനിലെ 1165206021972 എന്ന കൺസ്യൂമർ നമ്പറിനുകീഴിലുള്ള വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. ഈ കൺസ്യൂമർ നമ്പറിലെ പ്രതിമാസ വൈദ്യുതിചാർജ് 559470/- രൂപയാണ്. കെ എസ് ഇ ബി യിൽ നിന്നും ഈ കൺസ്യൂമർ നമ്പറിനു കീഴിലെ വിളക്കുകൾക്ക് നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷത്തെ കണക്കനുസരിച്ച് ഈ കൺസ്യൂമർ നമ്പറിനുകീഴിലുള്ള വിളക്കുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്

| വിളക്കുകളുടെ തരം | വിളക്കുകളുടെ എണ്ണം |
|---|---|
| എൽ ഇ ഡി 1x24 | 120 |
| സി എഫ് എൽ 1x11 | 250 |
| ഓർഡിനറി ബൾബ് 1x40 W | 84 |
| സോഡിയം വേപ്പർ ലാമ്പ് | 218 |
| സി എഫ് എൽ 2x11 | 42 |
| ഫ്ലൂറസെന്റ് ട്യൂബ് 2x40 | 2505 |

3. വൈദ്യുതി ചാർജിന്റെ വിവരം

പ്രതിമാസ വൈദ്യുത ചാർജ്ജ് ആറ് ലക്ഷത്തിനടുത്തുള്ള തുകയാണ് നഗരസഭ ഒടുക്കുന്നത്. (ഫയൽ നം. എ1/14773) 2021-22 വർഷത്തിൽ ഈയിനത്തിൽ അടവാക്കിയ തുക₹.6166125/- രൂപയാണ്. നഗരസഭയിൽ നിലവിലുള്ളത് ഭൂരിഭാഗവും ട്യൂബ്ലൈറ്റുകൾ ആയതിനാലാണ് തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഉയർന്നിരിക്കുന്നത്.

4. സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് നഗരസഭയും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

16.06.20ലെ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം പ്രകാരം നഗരസഭയുടെ ചെലവ് ചുരുക്കലിന്റെ ഭാഗമായി സംയുക്ത പരിശോധന നടത്തുന്നതിനും, വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് ട്രാൻസ്ഫോർമർ തിരിച്ച് മീറ്റർ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉപയോഗയോഗ്യമായ വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനും, മീറ്ററിങ്ങ് നടപ്പിലാക്കുന്നതിനുമായി 23.04.20, 23.06.20, 6.12.21 29.11.22തീയതികളിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മണ്ണാർക്കാടിന് നഗരസഭയിൽ നിന്നും കത്തുകൾ നൽകിയിട്ടുണ്ട്. സംയുക്ത പരിശോധനയുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/25.1.2023) മറുപടി ലഭ്യമാക്കിയില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, നഗരസഭാ അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ

അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2)നഗരസഭയിൽ നിലവിലില്ലാത്ത വിളക്കുകളുടെ നിരക്കിൽ വൈദ്യുതിചാർജ്ജ് അടവാക്കുന്നത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്

3)എല്ലാ തെരുവ് വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5) തെരുവ് വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം. 3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മാണം - കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

2021-22 വർഷത്തിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ അനുബന്ധ ചിലവ് പ്രോജക്ട് പ്രകാരം - മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് മെഷീൻ വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ചെക്ക്നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|
| S0035/ 22, ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ അനുബന്ധ ചിലവ് | 1000000/- വികസനഫണ്ട് ജനറൽ | 582400/- വികസനഫണ്ട് ജനറൽ | 708916/ 30.03.2022 572000/- 708917/ 30.03.2022 10400/ | നിപ്രോ മെഡിക്കൽ ഇന്ത്യ (പ്രൈ.ലി)എന്ന സ്ഥാപനത്തിന് തുക നൽകി ജി.എസ്.ടി |

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം നിപ്രോ മെഡിക്കൽ ഇന്ത്യ (പ്രൈ.ലി)എന്ന സ്ഥാപനത്തിൽ നിന്നാണ് ഡയാലിസിസ് മെഷീൻ വാങ്ങിയിരിക്കുന്നത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡയാലിസിസ് മെഷീൻ ഇൻസ്റ്റാൾ ചെയ്തത് സംബന്ധിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട്, നിപ്രോ മെഡിക്കൽ ഇന്ത്യ (പ്രൈ.ലി)എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടതു സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല.

ഈ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 7/23.01.2023) ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-31-0 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം-പ്രൊജക്റ്റ് ഓഫീസർ
നിർവഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പട്ടിക പ്രകാരം വിവിധ DPR കളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം താഴെ പറയും പ്രകാരമാണ്.

| | കരാർ വച്ചവരുടെ | Incomplete | നിർമ്മാണം പൂർത്തിയാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| | എണ്ണം | | ധനസഹായം പൂർണ്ണമായും കൈപ്പറ്റിയവരുടെ എണ്ണം |
| DPR I | 123 | 5 | 118 |
| DPR II | 384 | 71 | 313 |
| DPR III | 32 | 3 | 29 |
| DPR IV | 239 | 181 | 58 |
| DPR V | 73 | 73 | 0 |

ഭവനപദ്ധതി പ്രകാരം കരാർ വച്ച എല്ലാ ഗുണഭോക്താക്കളും നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാകേണ്ടതാണ്.

**1-31-1 പി എം എ വൈ- വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

പി എം എ വൈ പദ്ധതിയുടെ കണക്ക് സൂക്ഷിപ്പിനു ആവശ്യമായ വിതരണ രജിസ്റ്റർ വർഷങ്ങളോളമായി സൂക്ഷിക്കുന്നില്ല. വിതരണം ചെയ്ത ആനുകൂല്യം ഗുണഭോക്താവിന് ലഭിച്ച എന്ന് ഉറപ്പ് വരുത്തുന്നതിനും ഒരേ വ്യക്തിക്ക് വിവിധ വർഷങ്ങളിൽ ഇതേ ആനുകൂല്യം വീണ്ടും ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും വിതരണ രജിസ്റ്റർ തുടർച്ചയായി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് പല വർഷങ്ങളിലായി ഗുണഭോക്താക്കൾക്ക് ഗഡുക്കളായി വിതരണം ചെയ്ത തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ലായെന്ന് മുൻ റിപ്പോർട്ടിലും സൂചിപ്പിച്ചിരുന്നു. നഗരസഭയിൽ സെക്രട്ടറി മുഖേനയാണ് ഭവന നിർമ്മാണത്തിനായി ഗഡുക്കൾ വിതരണം ചെയ്യുന്നത്. ഭവനനിർമ്മാണത്തിന്റെ തൽസ്ഥിതി അറിയുന്നതിനോ തുക കൈപറ്റിയതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനോ കഴിയുന്നില്ല. ഓരോ ഗുണഭോക്താവിനും നൽകിയ തുകകളുടെയും ബില്ലുകളുടേയും വിവരങ്ങൾ രേഖപ്പെടുത്തിയ വിതരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**1-31-2 പി.എം.എ.വൈ ഭവന നിർമാണ പദ്ധതി. -കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് എന്നിവ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല**

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പി.എം.എ.വൈ ചെലവിൽ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് എന്നിവയുടെ ചെലവുകൾ തൻവർഷത്തെ ഐ.കെ.എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ടിനം | വൗച്ചർ നമ്പർ | ചെലവു തുക |
|---|---|---|
| സംസ്ഥാന ആവിഷ്കൃതം | 22100475, 9-07-21,<br>22100476, 19-07-21<br>22100477 30-07-21<br>22100478, 17-08-21,<br>22100535, 23-09-21, | 3056925 |

| | | |
|---|---|---|
| കേന്ദ്ര ഫണ്ട് | 22100475, 9-07-21,<br>22100476, 19-07-21<br>22100477 30-07-21<br>22100478, 17-08-21,<br>22100535, 23-09-21, | 5093075 |
| തനത് ഫണ്ട് | അടങ്കൽ-3064314 | 2245000- |
| **ആകെ** | | **10395000** |

ഇപ്രകാരം ഐ.കെ.എം. സുലേഖ സ്റ്റേറ്റ്മെന്റിൽ നിന്നും ഈ പദ്ധതിയുടെ **1,0395000-** രൂപയുടെ ചെലവുകൾ ഒഴിവായി പോയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (28/27-01-2022 ) മറുപടിയിൽ താഴെ പറയുന്ന പി എം എ വൈ ഹെഡ് ഓഫ് അക്കൗണ്ടുകൾ ലോകൽ സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ലായെന്നറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം |
|---|---|
| 1 | പി എം എ വൈ കേന്ദ്ര സർക്കാർ വിഹിതം |
| 2 | പി എം എ വൈ സംസ്ഥാന സർക്കാർ വിഹിതം |
| 3 | പി എം എ വൈ നഗരസഭ വിഹിതം |

ഇതു സംബന്ധിച്ച് നഗരസഭയിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് കത്തയച്ചിട്ടുണ്ട്.

**1-32-0 താലൂക്ക് ആശുപത്രിയിൽ സ്റ്റാഫിന് ചെയ്ഞ്ചിംഗ് റൂം നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട അപാകങ്ങൾ**

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ടോയ്‌ലറ്റ് കോംപ്ലക്സിനു മുകളിൽ സ്റ്റാഫിന് ചെയ്ഞ്ചിംഗ് റൂം ഒരുക്കൽ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽനമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|
| S0423/22, ടോയ്‌ലറ്റ് കോംപ്ലക്സിനു മുകളിൽ സ്റ്റാഫിന് ചെയ്ഞ്ചിംഗ് റൂം ഒരുക്കൽ | 751000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 750395/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 17/21-22 19.03.2022 | |

2020-2021 വർഷം ആരംഭിച്ച പ്രോജക്ട് സിഡ്കോ മുഖാന്തിരമാണ് നടപ്പിലാക്കിയിരിക്കുന്നത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റ് വിലയിരുത്തുന്നു

1. സിഡ്കോ സമർപ്പിച്ചിട്ടുള്ള വർക്ക് കം റേറ്റ് ചാർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2 . 85000/- രൂപയുടെ ഇലക്ട്രിക്കൽ വർക്കുകൾ സിഡ്കോ മുഖാന്തിരമാണ് നടത്തിയിരിക്കുന്നത്.ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭിച്ചില്ല.

3. മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല
4.സ.ഉ(കൈ)നം. 17/2018/ത.സ്വ.ഭ.വ തീയതി: 02.02.2018 പ്രകാരമുള്ള 13-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(3) I പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.5.1(3) V പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, വൈദഗ്ധ്യമേഖല കണക്കിലെടുത്ത് മറ്റു അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ, പ്രോജക്ടുകളുടെ ചുമതല ഭരണ സമിതി തീരുമാന പ്രകാരം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ മെഡിക്കൽ ഓഫീസർ സിഡ്കോ മുഖാന്തിരം പ്രവൃത്തി നിർവ്വഹണം നടപ്പാക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച വസ്തുതകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 5/23.01.2023 ) ഭാവിയിൽ ശ്രദ്ധിക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്.

### 1-33 ഇ-ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

മുനിസിപ്പൽ എൻജിനിയർ ഇ-ടെൻണ്ടർനടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരം പ്രത്യേകം അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ആദ്യം തന്നെ മുനിസിപ്പിൽ എഞ്ചിനീയറുടെ പേരിൽ ഉണ്ടായിരുന്നതും ഇപ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്നതുമായ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 67382595153- SBI-Mannarkkad) ടി ഇനത്തിൽ 31-3-2022 ന് 3887991രൂ. നിലനിൽക്കുന്നു. ടി തുക നഗരസഭയുടെ തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. അതിനുശേഷം വന്ന തുകകളും അടവാക്കിയിട്ടില്ല (6-4-2022വരെ ). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/23-1-2023) ടി തുകകൾ നഗരസഭയിൽ അടവാക്കി വിവരം അറിയിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഒപ്പം തന്നെ ഈ അക്കൗണ്ട് ടെൻണ്ടർ ഫീ അടവാക്കുന്നതിന് മാത്രമായി നിലനിർത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-34 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് - തുടർ മോണിറ്ററിംഗ് നടത്തേണ്ടതാണ്

| പ്രൊജക്റ്റ്-429/22 | അടങ്കൽ | ചെലവ് |
|---|---|---|
| ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് | 763000 | 673000 |
| നിർവ്വഹണം | ഹെൽത്ത് ഇൻസ്പെക്ടർ | |

മാലിന്യ സംസ്കരണ മേഖലയിൽ ഓരോ പ്രവർത്തനവും അതത് സമയങ്ങളിൽ ഡിജിറ്റൽ സംവിധാനത്തിലൂടെ സംസ്ഥാന തലം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുതലം വരെ വിലയിരുത്തുന്നതിനായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ കില എന്നിവരുടെ സഹകരണത്തോടെ വികസിപ്പിച്ചെടുത്ത ആപ്ലിക്കേഷനാണ് ഹരിതമിത്രം. വീടുകൾ മറ്റു പൊതു സ്ഥലങ്ങൾ, ഓഫീസ്സുകൾ , സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നും മാലിന്യ ശേഖരിക്കുന്നതിന്റെ വിവരങ്ങൾ, ഹരിതകർമ്മസേനയുടെ യൂസർഫീ ശേഖരണം, പാഴ് വസ്തു

ശേഖരണം തുടങ്ങിയ വിവരങ്ങൾ ഈ ആപ്പ് വരുന്നതോടുകൂടി അറിയുവാൻ സാധിക്കും. യൂസർഫീ നൽകാത്ത സ്ഥാപനങ്ങളേയും വീടുകളേയും കൃത്യമായി അറിയുവാൻ സാധിക്കും .

മാലിന്യ ശേഖരണം മുതൽ സംസ്കരണം വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സഹായിക്കുന്നതാണ് ഈ മൊബൈൽ ആപ്ലിക്കേഷൻ. ഏതൊക്കെ വീടുകളിൽ നിന്നാണ് മാലിന്യം ശേഖരിക്കേണ്ടതെന്നും യൂസർ ഫീ ഈടാക്കേണ്ട വീടുകൾ എന്നിവ സംബന്ധിച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്കും അടുത്ത കളക്ഷൻ ദിനം എന്നാണെന്ന് വീട്ടുടമസ്ഥർക്കും മൊബൈൽ എസ്.എം.എസ്. മുഖേന അറിയാൻ കഴിയും

സ ഉ (സാധാ) നം-2341/2022/LSGD, തിയ്യതി 26-09-2022തദ്ദേശസ്വയംഭരണ ( ഡബ്ല്യു. എം) , സ ഉ (സാധാ) 493/2022/LSGD, 2-03-2022 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് ചാർജ്ജ് ഇനത്തിൽ 6,49,000- രൂപയും എസ് എം എസ് ഇനത്തിൽ 24000-രൂപയും കൂടി ആകെ 6,73000/-W കെൽടാൺ മുഖേന നടപ്പിലാക്കുന്നതിന് 19-03-2022 ന് A/C No-3301002100016241 കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കെൽട്രോണിന്റെ റിസോർസ് പേഴ്സണിന്റെ സേവനം ആറ് മാസത്തേക്കാണ് കരാർ വെച്ചിരിക്കുന്നത്. ഹരിത കർമ്മസേനക്കാർക്ക് ഒറിയൻറ്റേഷൻ പരിശീലനത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പിന്തുണ നൽകുന്നതു വഴി സേനയുടെ സുഗമമായ പ്രവർത്തനം ലക്ഷ്യമിടുന്നു. പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ ശേഷം മണ്ണാർക്കാട് മുൻസിപ്പാലിറ്റിയിൽ ഹരിതമിത്രം സർവ്വേ ഔദ്യോഗികായി ഉത്ഘാടനം നടത്തിയത് 25-08-2022 ലാണ്. ഹരിത മിത്രം ആപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (32/27-01-23 ) ക്ക് ലഭ്യമാക്കിയ മറുപടിയിൽ താഴെ പറയുന്ന തരത്തിൽ സേവനങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| ആകെ കെട്ടിടങ്ങൾ | 10597 |
| എൻറോൾമെന്റ് പൂർത്തീകരിച്ചത് | 9507 |
| സബ്ക്രിപ്ഷൻ പൂർത്തീകരിച്ചത് | 5656 |
| സേവനങ്ങൾ നൽകിയത് | 7046 |
| ആപ്പ് മുഖേന പണമിടപാട് നടത്തിയത് | 1,76213 |

ബാക്കി സേവനങ്ങളും പൂർത്തീകരിച്ച് വിവരം ഓഡിറ്റനെ അറിയിക്കേണ്ടതാണ്

**1-35 മാലിന്യ മുക്ത കേരളം**

സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം.

**1) DJS Echo Friendly Solution , Malappuram എന്ന സ്ഥാപനവുമായി പുതിയ കരാർ**

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി നഗരസഭയിലെ 29 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് നഗരസഭ തുടക്കത്തിൽ ക്ലീൻ കേരള മിഷനുമായി കരാർ വെച്ചിരുന്നു. എന്നാൽ 5/22 മുതൽ DJS Echo Friendly Solution , Malappuram എന്ന സ്ഥാപനവുമായി പുതിയ കരാർ 19-03-2022 തിയ്യതിയിൽ ചമയ്ക്കുകയും ചെയ്തു. ശേഖരിച്ചു വെച്ച അജൈവ മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിനു ക്ലീൻ കേരള മിഷൻ കമ്പനിക്ക് കഴിയാത്ത സാഹചര്യമായതിനാൽ ക്ലീൻ കേരള മിഷനുമായുള്ള കരാർ റദ്ദ് ചെയ്തു.

**2) യൂസർഫീ കളക്ഷൻ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല**

യൂസർഫീ ഈടാക്കുന്നതിന് 4/22 വരെ നഗരസഭയിൽ നിന്നും ഹരിതകർമ്മ സേനക്ക് വേണ്ടി പ്രത്യേകം അച്ചടിച്ച രസീതി ബുക്കുകളിൽ കൂടിയായിരുന്നു . എന്നാൽ 5/22 മുതൽ DJS Echo Friendly Solution , Malappuram എന്ന സ്ഥാപനവുമായി പുതിയ കരാർ വെക്കുകയും സ്ഥാപനം മുഖേനയാണ് യൂസർഫീ ഈടാക്കിവരുന്നത്.

യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തീയതികളിലും പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ടുനൽകിയ എൻക്വയറിക്കുള്ള ( 16/25-01-23) മറുപടിയിൽ DJS Echo Friendly Solution , Malappuram എന്ന സ്ഥാപനം കരാർ ഏറ്റെടുത്തതു മുതൽ ഏജൻസി തന്നെ യൂസർഫീ പിരിക്കുന്നുണ്ടെന്നും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് നഗരസഭയിൽ ഹാജരാക്കാത്തതിനാലാണ് ഓഡിറ്റ് വേളയിൽ പരിശോധനക്ക് ഹാജരാക്കാതിരുന്നത് എന്നറിയിച്ചിട്ടുണ്ട്.

**3) യോഗം ചേർന്നതിന്റെ വിവരങ്ങൾ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല**

2021-22വർഷത്തിൽ ഹരിതകർമ്മ സേന എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ടെങ്കിലും യോഗത്തിൽ ചർച്ച ചെയ്ത വിവരങ്ങളോ, വരവ് ചെലവ് കണക്കോ രേഖപ്പെടുത്തിയിട്ടില്ല. 05/22 മുതൽ DJS Echo Friendly Solution പ്രവർത്തനം ഏറ്റെടുത്തതു മുതൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും യോഗത്തിൽ ചർച്ച ചെയ്ത വിവരങ്ങളോ, വരവ് ചെലവ് കണക്കോ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

